## ക്രെഡിറ്റ് കാർഡുകൾക്കായുള്ള പൊതുവായ നിബന്ധനകളും വ്യവസ്ഥകളും (ടി ആൻഡ് സി)

കാർഡ് ഉപയോഗിക്കുന്നതിനും/ലഭ്യമാക്കുന്നതിനുമുള്ള നിബന്ധനകളും വ്യവസ്ഥകളും ("ടിആൻഡ്സി") ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡിന് ബാധകമാണ്. ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡിനായുള്ള നിങ്ങളുടെ അപേക്ഷ അംഗീകരിച്ചതിനെത്തുടർന്ന്, നിങ്ങൾക്ക് ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് ("കാർഡ്") അനുവദിച്ചിരിക്കുന്നു. കാർഡ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ അത് തിരികെ നൽകാൻ നിങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ 30 ദിവസത്തിനുള്ളിൽ കാർഡ് തിരികെ നൽകാതിരിക്കുകയോ കൂടാതെ/അല്ലെങ്കിൽ കാർഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്തുകയോ ചെയ്താൽ, കാർഡിന് ബാധകമായ താഴെ പറയുന്ന നിബന്ധനകൾ നിങ്ങൾ വായിച്ചു മനസ്സിലാക്കിയതായും അവ നിരുപാധികം അംഗീകരിച്ചതായും കരുതപ്പെടും:

(a) ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം, ഈ ടി ആൻഡ് സി, മോസ്റ്റ് ഇംപോർട്ടന്റ് ടേംസ് ആൻഡ് കണ്ടീഷൻസ് (എംഐടിസി) എന്നിവയിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, നിങ്ങൾ സമർപ്പിച്ച അപേക്ഷാ ഫോമിലെ നിബന്ധനകൾക്കും, ബാങ്ക് കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾക്കും മറ്റ് അധിക നിബന്ധനകൾക്കും വിധേയമായിരിക്കും.

(b) കാർഡിന് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ, നിങ്ങൾ അത് രേഖാമൂലം ഞങ്ങളെ അറിയിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതാണ്. കൂടാതെ, കാർഡ് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഫിസിക്കൽ കാർഡ് കഷണങ്ങളായി മുറിച്ച് നശിപ്പിക്കുകയും അത് ഞങ്ങൾക്ക് തിരികെ നൽകുകയും ചെയ്യേണ്ടതാണ്.

(c) ഈ ടി ആൻഡ് സി -ൽ വരുത്തുന്ന മാറ്റങ്ങൾ ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിങ്ങളുടെ ഇ-മെയിൽ ഐഡി/ഫോൺ നമ്പറിലേക്ക് ഇ-മെയിൽ/എസ്എംഎസ് വഴി അറിയിക്കുന്നതാണ്. അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് (30) ദിവസത്തിനുള്ളിൽ ക്രെഡിറ്റ് കാർഡ് പിൻവലിക്കാതിരിക്കുന്നത്, പ്രസ്തുത മാറ്റങ്ങൾക്കുള്ള നിങ്ങളുടെ അംഗീകാരമായി/സമ്മതമായി കണക്കാക്കപ്പെടും.

(d) നിങ്ങൾ ഒരു ഇന്ത്യൻ താമസക്കാരനാണെന്ന (റെസിഡന്റ് ഓഫ് ഇന്ത്യ) പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് കാർഡ് അനുവദിച്ചിരിക്കുന്നത്. പിൽക്കാലത്ത്, നിങ്ങളുടെ താമസ പദവി പ്രവാസി ഇന്ത്യക്കാരൻ (എൻആർഐ) ആണെന്ന് കണ്ടെത്തുകയാണെങ്കിൽ, അനുവദിച്ച കാർഡ് റദ്ദാക്കാനോ ബാങ്കിന്റെ ആഭ്യന്തര നയങ്ങൾക്കനുസൃതമായി ഉചിതമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കാനോ ഉള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്. കാർഡ് റദ്ദാക്കുന്ന സാഹചര്യത്തിൽ, കാർഡ് അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികയും കൂടാതെ കാർഡ് ഉപയോഗിച്ചതിലൂടെ ഉണ്ടായതും എന്നാൽ കാർഡ് അക്കൗണ്ടിലേക്ക് ഇതുവരെ ബിൽ ചെയ്യപ്പെടാത്തതുമായ മറ്റ് നിരക്കുകളും നിങ്ങൾ ഉടനടി അടച്ചുതീർക്കാൻ ബാധ്യസ്ഥനായിരിക്കും.

**നിർവചനങ്ങൾ**

1. ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ്, അല്ലെങ്കിൽ കാർഡ് അല്ലെങ്കിൽ കാർഡ് നമ്പർ എന്നത് ഫെഡറൽ ബാങ്ക് നൽകുന്ന സാധുവായ ഒരു ക്രെഡിറ്റ് കാർഡ്-നെ അർത്ഥമാക്കുന്നു. ഇത് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ക്രെഡിറ്റ് ലിമിറ്റിനായി കാർഡ് അക്കൗണ്ട് ഉപയോഗിക്കാൻ കാർഡ് മെമ്പറിനെ അർഹനാക്കുന്നു. 'കാർഡ്' എന്നത് ഫിസിക്കൽ കാർഡ്, വെർച്വൽ/ഡിജിറ്റൽ കാർഡ്, ടോക്കണൈസ്ഡ് കാർഡ് എന്നിങ്ങനെ അവയുടെ രൂപഭേദങ്ങൾ പരിഗണിക്കാതെ എല്ലാത്തരം കാർഡുകളെയും സൂചിപ്പിക്കുന്നു.

2. പ്രൈമറി കാർഡ് മെമ്പറിന്റെ അഭ്യർത്ഥനപ്രകാരം അഡീഷണൽ കാർഡ് മെമ്പറിന് അനുവദിക്കുന്ന കാർഡിനെയാണ് അഡീഷണൽ ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ആഡ്-ഓൺ ക്രെഡിറ്റ് കാർഡ് എന്ന് അർത്ഥമാക്കുന്നത്.

3. അഡീഷണൽ കാർഡ് മെമ്പർ എന്നാൽ ഇന്ത്യയിൽ താമസിക്കുന്ന ഇന്ത്യക്കാരനോ/എൻആർഐയോ/ഇന്ത്യയിൽ ജോലി ചെയ്യുന്ന വിദേശ പൗരനോ ആയ വ്യക്തിയും, പ്രൈമറി കാർഡ് മെമ്പറിന്റെ  അടുത്ത കുടുംബാംഗവും (അതായത് പങ്കാളി, സഹോദരങ്ങൾ, സഹോദരിമാർ, മാതാപിതാക്കൾ, ഭാര്യാഭർത്താക്കന്മാരുടെ മാതാപിതാക്കൾ, മക്കൾ), 18 വയസ്സിന് മുകളിൽ പ്രായമുള്ളയാളും ആയിരിക്കണം. പ്രൈമറി കാർഡ് മെമ്പറിന്റെ അഭ്യർത്ഥനപ്രകാരം ആർക്കാണോ ഒരു അഡീഷണൽ ക്രെഡിറ്റ് കാർഡ് അനുവദിച്ചിട്ടുള്ളത് ആ വ്യക്തിയെയാണ് ഇത് അർത്ഥമാക്കുന്നത്, ഇതിന്റെ ചാർജുകൾ കാർഡ് അക്കൗണ്ടിൽ  നിന്ന് ഈടാക്കുന്നതാണ്.

4. ബാങ്ക്, ഞങ്ങൾ, ഞങ്ങളെ, ഞങ്ങളുടെ അല്ലെങ്കിൽ സമാനമായ സർവ്വനാമങ്ങൾ എന്നത് സാഹചര്യത്തിനനുസരിച്ച് ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്, അതിന്റെ പിൻഗാമികൾ, അസൈനികൾ, അഡ്മിനിസ്ട്രേറ്റർമാർ, ലിക്വിഡേറ്റർമാർ തുടങ്ങിയവരെ അർത്ഥമാക്കുന്നു.

5. കാർഡ് മെമ്പറിന് തുടർച്ചയായി രണ്ട് ബില്ലിംഗ് സ്റ്റേറ്റ്മെന്റുകൾ നൽകുന്നതിനോ ജനറേറ്റ് ചെയ്യുന്നതിനോ ഇടയിലുള്ള കാലയളവാണ് ബില്ലിംഗ് സൈക്കിൾ.

6. കാർഡ് മെമ്പർ, പ്രൈമറി കാർഡ് മെമ്പർ, കാർഡ് ഉടമ, മെമ്പർ, കസ്റ്റമർ, നിങ്ങൾ, നിങ്ങളുടെ, അവൻ, അവന്റെ അല്ലെങ്കിൽ സമാനമായ സർവ്വനാമങ്ങൾ എന്നത് ആരുടെ പേരിലാണോ കാർഡ് അനുവദിച്ചിട്ടുള്ളതെന്നും കാർഡ് അക്കൗണ്ട് നിലനിർത്തുന്നതെന്നും ഉള്ള വ്യക്തിയെ അർത്ഥമാക്കുന്നു.

7. കാർഡ് അക്കൗണ്ട് അല്ലെങ്കിൽ അക്കൗണ്ട് എന്നത് ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രൈമറി കാർഡ് മെമ്പറിന്റെ  പേരിൽ ബാങ്ക് നിലനിർത്തുന്ന അക്കൗണ്ട് എന്നാണ് അർത്ഥമാക്കുന്നത്.

8. ആഭ്യന്തര ഇടപാടുകൾ / ഉപയോഗം - ഇന്ത്യയിലെ മർച്ചന്റ് ഔട്ട്ലെറ്റുകൾ, എടിഎം അല്ലെങ്കിൽ ഓൺലൈൻ ഇടപാടുകൾ എന്നിവ വഴി കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകൾ.

9. അന്താരാഷ്ട്ര ഇടപാടുകൾ / ഉപയോഗം - വിദേശ മർച്ചന്റ് ഔട്ട്ലെറ്റുകൾ, വിദേശ എടിഎം അല്ലെങ്കിൽ ഇന്ത്യയ്ക്ക് പുറത്തുള്ള വെബ്സൈറ്റുകൾ എന്നിവ വഴി കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകൾ.

10. ഏതൊരു സമയത്തും കാർഡ് അക്കൗണ്ടിൽ നിങ്ങൾക്ക് ക്രെഡിറ്റായി ഉപയോഗിക്കാവുന്ന പരമാവധി തുകയെ ക്രെഡിറ്റ് ലിമിറ്റ് എന്ന് വിളിക്കുന്നു. ക്രെഡിറ്റ് ലിമിറ്റിൽ ഡൊമസ്റ്റിക് ലിമിറ്റും ഇന്റർനാഷണൽ ലിമിറ്റും ഉൾപ്പെടുന്നു. ഡൊമസ്റ്റിക് ട്രാൻസാക്ഷനുകൾക്കായി അനുവദിച്ചിട്ടുള്ള പരമാവധി ക്രെഡിറ്റ് ലിമിറ്റാണ് ഡൊമസ്റ്റിക് ലിമിറ്റ്. ഇന്റർനാഷണൽ ട്രാൻസാക്ഷനുകൾക്കായി അനുവദിച്ചിട്ടുള്ള പരമാവധി ക്രെഡിറ്റ് ലിമിറ്റാണ് ഇന്റർനാഷണൽ ലിമിറ്റ്.

11. കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകൾക്കായി (ചാർജ് സ്ലിപ്പുകളിൽ കാർഡ് മെമ്പർ ഒപ്പിട്ടിട്ടുണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ തന്നെ) കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്ന തുകകളും കൂടാതെ/അല്ലെങ്കിൽ ഈ ടി ആൻഡ് സി -ലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിന് നൽകേണ്ട ഏതെങ്കിലും ഫീസിനായി കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്ന തുകകളുമാണ് ചാർജുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കാർഡ് ഉപയോഗിച്ച് സാധനങ്ങളോ സേവനങ്ങളോ വാങ്ങുന്നതിനായി നടത്തുന്ന പേയ് മെന്റുകൾ, കാർഡ് അല്ലെങ്കിൽ കാർഡ് നമ്പർ ഉപയോഗിച്ച് കാർഡ് അക്കൗണ്ടിൽ നിന്ന് നടത്തുന്ന ക്യാഷ് വിത്ത്ഡ്രോവലുകൾ അല്ലെങ്കിൽ ഡ്രാഫ്റ്റുകൾ, ജോയിനിംഗ് ഫീ, വാർഷിക ഫീസുകൾ, ഫിനാൻസ് ചാർജുകൾ, ലേറ്റ് പേയ് മെന്റ് ഫീ, സർവീസ് ചാർജുകൾ, ജിഎസ്ടി, കൂടാതെ ഈ ടി ആൻഡ് സി പ്രകാരം കാർഡ് മെമ്പർ ബാങ്കിന് നൽകാൻ സമ്മതിച്ചിട്ടുള്ളതോ അല്ലെങ്കിൽ നൽകാൻ ബാധ്യസ്ഥമായതോ ആയ സർചാർജ് ഉൾപ്പെടെയുള്ള മറ്റേതെങ്കിലും ഫീസുകൾ/ചാർജുകൾ/തുകകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു, എന്നാൽ ഇവയിൽ മാത്രം പരിമിതമല്ല.

12. ക്യാഷ് ലിമിറ്റ് എന്നാൽ ഇന്ത്യയിലോ വിദേശത്തോ ഉള്ള എടിഎമ്മുകളിൽ നിന്ന് പണം പിൻവലിക്കാനോ കൂടാതെ/അല്ലെങ്കിൽ പർച്ചേസ് അല്ലാത്ത ഇടപാടുകൾക്കായി ഉപയോഗിക്കാനോ കാർഡ് മെമ്പറിന് അനുവദനീയമായ പണമോ പണത്തിന് തുല്യമായ തുകയോ ആണ്. ചില എടിഎമ്മുകൾ ബാങ്കുമായി ബന്ധമില്ലാത്ത പിൻവലിക്കൽ നിരക്കുകൾ ഈടാക്കിയേക്കാം. പണം പിൻവലിക്കുന്നതിന് എംഐടിസി-യിൽ പ്രസ്താവിച്ചിട്ടുള്ള ക്യാഷ് അഡ്വാൻസ് ഫീസും ഫിനാൻസ് ചാർജുകളും നൽകാൻ കാർഡ് മെമ്പർ ബാധ്യസ്ഥനായിരിക്കും.

13. ഇലക്ട്രോണിക് ടെർമിനൽ എന്നാൽ ബ്രാഞ്ച് ടെല്ലർ ടെർമിനലുകൾ, എടിഎമ്മുകൾ, മെർച്ചന്റ് പോയിന്റ് ഓഫ് സെയിൽ ടെർമിനലുകൾ അല്ലെങ്കിൽ ഇഡിസി (ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ മെഷീൻ), കൂടാതെ ഇടപാടുകൾ നടത്തുന്നതിനായി

ഒരു ക്രെഡിറ്റ് കാർഡ് കൂടാതെ/അല്ലെങ്കിൽ പിൻ (പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ) ഉപയോഗിക്കാൻ കഴിയുന്നതും ഈ ആവശ്യങ്ങൾക്കായി ബാങ്ക് അംഗീകരിച്ചിട്ടുള്ളതുമായ മറ്റ് ഉപകരണങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്.

14. എൻഎസിഎച്ച് (നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്) അല്ലെങ്കിൽ ഇ-എൻഎസിഎച്ച് എന്നത് ബാധകമെങ്കിൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ള എൻഎസിഎച്ച് അല്ലെങ്കിൽ എൻഎസിഎച്ച് ഇ-മാൻഡേറ്റുകൾ ഉപയോഗിച്ചുള്ള ഡെബിറ്റ് ക്ലിയറിംഗ് സേവനങ്ങളെ അർത്ഥമാക്കുന്നു. കാർഡ് അക്കൗണ്ടിലെ കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യമൊരുക്കുന്നതിനായി ഇത്തരം സേവനങ്ങളിൽ പങ്കുചേരുന്നതിന് കാർഡ് മെമ്പർ രേഖാമൂലം സമ്മതം നൽകിയിട്ടുണ്ട്. ഈ സേവനങ്ങൾക്ക് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഇത് വിധേയമായിരിക്കും, ഇതിനായി കാർഡ് മെമ്പർ പ്രത്യേകം സമ്മതം നൽകേണ്ടതാണ്.

15. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും വ്യക്തമാക്കിയിട്ടുള്ളതുപോലെ, കാർഡ് അക്കൗണ്ടിലെ ആകെ കുടിശ്ശിക തുകയ്ക്ക് ഈടാക്കുന്ന പലിശയാണ് ഫിനാൻസ് ചാർജുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നതും അതിൽ ഉൾപ്പെടുന്നതും.

16. മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നാൽ ബാങ്ക് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഏതൊരു കമ്പനി, കോർപ്പറേഷൻ, സ്ഥാപനം, ഫേം, അസോസിയേഷൻ, വ്യക്തി അല്ലെങ്കിൽ അത്തരം മറ്റേതെങ്കിലും സ്ഥാപനം എന്നാണ് അർത്ഥമാക്കുന്നത്. ഇവ എവിടെ സ്ഥിതി ചെയ്യുന്നവയായാലും മാസ്റ്റർകാർഡ്/വിസ/രൂപേ മെർച്ചന്റ് ആയി നിശ്ചയിക്കപ്പെട്ടവരും കൂടാതെ/അല്ലെങ്കിൽ കാർഡ് അല്ലെങ്കിൽ കാർഡ് നമ്പർ ഉപയോഗിച്ച് സാധനങ്ങളോ സേവനങ്ങളോ ക്യാഷ് അഡ്വാൻസുകളോ നേടുന്നതിനായി ഏതെങ്കിലും മാസ്റ്റർകാർഡ്/വിസ/രൂപേ മെമ്പർ ബാങ്കുമായി കാർഡ് മെമ്പറിന് കരാറുള്ളവരുമായിരിക്കണം.

17. കാർഡ് അല്ലെങ്കിൽ കാർഡ് നമ്പർ ഉപയോഗിച്ച് കാർഡ് മെമ്പർ നടത്തുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകളെയാണ് പർച്ചേസുകൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

18. പേയ്മെന്റ് ഡ്യൂ ഡേറ്റ് എന്നാൽ കാർഡ് മെമ്പർ, കാർഡിന്മേലുള്ള കുടിശ്ശിക തുകകൾ ബാങ്കിലേക്ക് അടച്ചുതീർക്കേണ്ട അവസാന തീയതിയോ അതിന് മുൻപുള്ള തീയതിയോ എന്നാണ് അർത്ഥമാക്കുന്നത്.

19. “സ്മാർട്ട് ക്രെഡിറ്റ് കാർഡ്” എന്നാൽ ബാങ്ക് നൽകുന്ന ക്രെഡിറ്റ് കാർഡ് എന്നാണ് അർത്ഥമാക്കുന്നത്. പ്രത്യേക പോയിന്റ് ഓഫ് സെയിൽ ടെർമിനലുകളിൽ നിന്ന് നേടുകയും ശേഖരിക്കുകയും ചെയ്ത ലോയൽറ്റി പോയിന്റുകൾ കാണുന്നതിനും റിഡീം ചെയ്യുന്നതിനും ഇത് കാർഡ് മെമ്പറിനെ സഹായിക്കുന്നു. കാർഡ് മെമ്പറിന് നൽകിയിട്ടുള്ള കാർഡ് ഒരു സ്മാർട്ട് ക്രെഡിറ്റ് കാർഡ് ആണ്.

20. ആകെ കുടിശ്ശിക എന്നാൽ കാർഡ് അക്കൗണ്ട് പ്രകാരം ബാങ്കിന് ലഭിക്കേണ്ട ആകെ കുടിശ്ശിക തുകകൾ എന്നാണ് അർത്ഥമാക്കുന്നത്. ഇതിൽ ഇടപാട് തുകകൾ, ചാർജുകൾ, ഫീസുകൾ എന്നിവയും ഒരു ബില്ലിംഗ് സൈക്കിൾ-ൽ കാലാകാലങ്ങളിൽ ബാങ്കിന് നൽകേണ്ടി വന്നേക്കാവുന്ന മറ്റ് തുകകളും ഉൾപ്പെടുന്നു.

21. താൽക്കാലിക ക്രെഡിറ്റ് ലിമിറ്റ് വർദ്ധനവ് എന്നാൽ ഒരു പ്രത്യേക ആവശ്യത്തിനായി ഒരു കാർഡ് മെമ്പർ അഭ്യർത്ഥിക്കുന്ന ക്രെഡിറ്റ് ലിമിറ്റ് വർദ്ധനവാണ്. ഇത്തരത്തിലുള്ള വർദ്ധനവ് ഒരു നിശ്ചിത കാലയളവിലേക്ക് മാത്രമായിരിക്കും. കാർഡ് ഉടമ പ്രസ്തുത കാലയളവിനുള്ളിൽ ഈ തുക തിരിച്ചടയ്ക്കേണ്ടതാണ്, അതിനുശേഷം യഥാർത്ഥ ക്രെഡിറ്റ് ലിമിറ്റ് പുനഃസ്ഥാപിക്കപ്പെടും.

22. ബാങ്ക് അനുവദിച്ചതും കാലാവധി കഴിയാത്തതും കേടുപാടുകൾ സംഭവിക്കാത്തതും ബാങ്ക് റദ്ദാക്കാത്തതുമായ ഒരു ക്രെഡിറ്റ് കാർഡ് എന്നാണ് സാധുവായ കാർഡ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

23. നിങ്ങൾക്കൊഴികെ മറ്റാർക്കും ബാങ്ക്, കാർഡ് മെമ്പറിന്റെ പിൻ അല്ലെങ്കിൽ കോഡ് വെളിപ്പെടുത്തില്ല. കാർഡ് മെമ്പറിന് പിൻ അല്ലെങ്കിൽ മറ്റ് ഓതന്റിക്കേഷൻ കോഡുകൾ നൽകുമ്പോൾ, ഇൻഡസ്ട്രി മാനദണ്ഡങ്ങൾക്ക് അനുസൃതമായ മുൻകരുതൽ നടപടികൾ ബാങ്ക് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാർഡ് മെമ്പറിന് ഒഴികെ മറ്റാർക്കും കാർഡ് ഉടമയുടെ പിൻ അല്ലെങ്കിൽ കോഡ് ബാങ്ക് വെളിപ്പെടുത്തില്ല. ഒരു കാർഡ് മെമ്പർ എന്ന നിലയിൽ, കാർഡ് ഉപയോഗിച്ച് നടത്തുന്ന ഇടപാടുകളുടെ സവിശേഷതകളെക്കുറിച്ചും അവയുടെ ആഘാതത്തെക്കുറിച്ചും നിങ്ങൾ ബോധവാനായിരിക്കണം, കാരണം നിങ്ങൾക്ക് നൽകിയിട്ടുള്ള കാർഡിന്റെ ഏത് ഉപയോഗത്തിനും നിങ്ങൾക്കായിരിക്കും ഉത്തരവാദിത്തം.

## നിബന്ധനകളും വ്യവസ്ഥകളും

ഒരു കാർഡ് ഉടമ എന്ന നിലയിൽ നിങ്ങൾ ഇതിനാൽ താഴെ പറയുന്നവ അംഗീകരിക്കുകയോ സമ്മതിക്കുകയോ ചെയ്യുന്നു:

1. ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളതും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) നിർദ്ദേശങ്ങൾക്കനുസൃതമായോ മറ്റ് നിയമപരമായ ബോഡികളുടെ നിർദ്ദേശങ്ങൾ പ്രകാരമോ ബാങ്കിന്റെ നയങ്ങളിൽ വരുന്ന മാറ്റങ്ങൾ മൂലമോ ബാങ്ക് കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നതുമായ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാൻ നിങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

2. നിങ്ങൾ ഒരു മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ  സാധുവായ ഒരു കാർഡ് സമർപ്പിക്കുമ്പോൾ മാത്രമേ കാർഡ് സ്വീകരിക്കുകയുള്ളൂ.

3. കാർഡ് ബാങ്കിന്റെ സ്വത്താണ്; ബാങ്ക് ആവശ്യപ്പെടുമ്പോൾ യാതൊരുവിധ കാലതാമസവും കൂടാതെ ഇത് ബാങ്കിന് മുൻപാകെ ഹാജരാക്കുകയോ ബാങ്കിന് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

4. കാർഡ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ഇത് എപ്പോഴും നിങ്ങളുടെ വ്യക്തിപരമായ നിയന്ത്രണത്തിലോ കസ്റ്റഡിയിലോ സൂക്ഷിച്ചുകൊണ്ട് ദുരുപയോഗം ചെയ്യപ്പെടാതെ സംരക്ഷിക്കേണ്ടതാണ്.

5. (a) ഇന്ത്യൻ രൂപയല്ലാത്ത മറ്റ് കറൻസികളിലുള്ള പേയ്മെന്റുകൾക്കായി നിങ്ങൾക്ക് കാർഡ് ഉപയോഗിക്കാവുന്നത്, അത്തരം പേയ്മെന്റുകൾ ഇന്ത്യയിലെ നിലവിലുള്ള നിയമങ്ങൾക്കും പ്രത്യേകിച്ച് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട്, 1999(ഫെമ) എന്നിവയ്ക്കും വിധേയമാണെങ്കിൽ മാത്രമാണ്. കൂടാതെ, ഇന്ത്യൻ നിയമപ്രകാരം നിരോധിച്ചിട്ടുള്ള വെബ്സൈറ്റുകൾ/ആപ്ലിക്കേഷനുകൾ/പ്ലാറ്റ്ഫോമുകൾ എന്നിവയിൽ ഇടപാടുകൾ നടത്തുന്നതിനായി കാർഡ് ഉപയോഗിക്കാൻ പാടുള്ളതല്ല; അത്തരം ഉപയോഗങ്ങൾ നിങ്ങളുടെ ക്രിമിനൽ ബാധ്യതയ്ക്ക് കാരണമായേക്കാം.

(b) നേപ്പാളിലോ ഭൂട്ടാനിലോ വിദേശ കറൻസിയിൽ പേയ്മെന്റുകൾ നടത്തുന്നതിന് നിങ്ങൾ കാർഡ് ഉപയോഗിക്കാൻ പാടുള്ളതല്ല.

6. നിങ്ങളുടെ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള കാർഡ് നെറ്റ് വർക്ക്, കാർഡ് അപേക്ഷാ ഫോമിൽ സൂചിപ്പിച്ചിട്ടുള്ളതും ലഭ്യമായ നെറ്റ് വർക്കുകളിൽ നിന്ന് നിങ്ങൾ തിരഞ്ഞെടുത്തതുമായ നെറ്റ് വർക്ക് ആയിരിക്കും. മേൽപ്പറഞ്ഞവ എന്തുതന്നെയായാലും, നിങ്ങൾ അർഹരാണെന്ന് കണ്ടെത്തിയാൽ, കാർഡ് പുതുക്കുന്ന സമയത്ത് ലഭ്യമായ നെറ്റ് വർക്കുകളിൽ നിന്ന് മറ്റൊന്ന് തിരഞ്ഞെടുക്കാനോ മാറ്റാനോ ഉള്ള അവസരം നിങ്ങൾക്ക് ലഭിക്കുന്നതാണ്. നെറ്റ് വർക്ക് മാറ്റാൻ ബാങ്ക് അനുവദിക്കുകയാണെങ്കിൽ, കാർഡ് പുതുതായി ബന്ധിപ്പിച്ചിട്ടുള്ള നെറ്റ് വർക്ക് വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങൾക്കും അവകാശങ്ങൾക്കും നിരക്കുകൾക്കും നിങ്ങൾ അർഹരായിരിക്കും.

7. ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, കാർഡുകൾക്കായി അപേക്ഷിക്കുമ്പോൾ ബാങ്ക് നൽകുന്ന ലഭ്യമായ ഓപ്ഷനുകളിൽ (വിസ, മാസ്റ്റർകാർഡ്, രൂപേ) നിന്ന് കാർഡ് ഉടമ-ന് തനിക്ക് താൽപ്പര്യമുള്ള കാർഡ് നെറ്റ് വർക്ക് തിരഞ്ഞെടുക്കാവുന്നതാണ്. നിലവിലുള്ള കാർഡ് ഉടമകൾക്ക്, നിലവിലുള്ള കാർഡുകൾ പുതുക്കുമ്പോൾ ഈ ഓപ്ഷൻ ലഭ്യമാകും. ബാധകമായ കാർഡ് വേരിയന്റുകൾക്ക് (അതായത് സിഗ്നറ്റ്, ഇംപീരിയ, സെലസ്റ്റ) കീഴിൽ കാർഡ് ഉടമ തിരഞ്ഞെടുക്കുന്ന കാർഡ് നെറ്റ് വർക്കുമായി ബന്ധിപ്പിച്ച കാർഡ് അദ്ദേഹത്തിന്/അവർക്ക് നൽകുന്നതാണ്. കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന പോളിസികൾക്ക് വിധേയമായി, കാർഡ് ഉടമ-ന്റെ യോഗ്യതാ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഏതെങ്കിലും പ്രത്യേക കാർഡ് വേരിയന്റ് (അതായത് സിഗ്നറ്റ്, ഇംപീരിയോ, സെലസ്റ്റ) നൽകുന്നതിനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

കാർഡ് വേരിയന്റ് (അതായത് സിഗ്നറ്റ്, ഇംപീരിയോ, സെലസ്റ്റ) നിശ്ചയിക്കുന്നതിലുള്ള ബാങ്കിന്റെ തീരുമാനം അതിന്റെ പൂർണ്ണമായ വിവേചനാധികാരത്തിലായിരിക്കും. ഇത് കാർഡ് ഉടമ-ന് ബാധകവും അന്തിമവുമായിരിക്കും, കൂടാതെ ഇത് പുനഃപരിശോധനയ്ക്കോ അപ്പീലിനോ തർക്കത്തിനോ വിധേയമായിരിക്കില്ല. പ്രത്യേക കാർഡ് വേരിയന്റ് നൽകുന്നത് സംബന്ധിച്ച് ബാങ്ക് യാതൊരു ഉറപ്പോ വാറന്റിയോ കരാറോ നൽകുന്നില്ല.

**കാർഡ് സേവനങ്ങൾ**

അപേക്ഷകന്റെ ക്രെഡിറ്റ് യോഗ്യത ഉറപ്പുവരുത്തുന്നതിനായി (1) ആഭ്യന്തര നടപടിക്രമങ്ങൾ (ക്രെഡിറ്റ് ബ്യൂറോ റിപ്പോർട്ടും നിങ്ങളുമായി ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകളും നേടുന്നത് ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ) നടപ്പിലാക്കാനും, (2) ഏതൊരു അപേക്ഷകനും കാർഡ് നൽകുന്നത് സ്വന്തം വിവേചനാധികാരത്തിൽ നിരസിക്കാനുമുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്

കാർഡ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല, ഇതിന്റെ ഉപയോഗം ഇവിടെ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, എംഐടിസി, ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് അധിക വ്യവസ്ഥകൾക്കും വിധേയമായിരിക്കും. കാർഡ് മെമ്പർ, കാർഡ് ലഭിച്ചാലുടൻ അതിന്റെ പിൻവശത്ത് ഒപ്പിടേണ്ടതാണ്.

നിങ്ങളുടെ പരാതികൾ ഫെഡറൽ ബാങ്ക് കസ്റ്റമർ കെയർ സെന്റർ ഉചിതമായി പരിഹരിക്കുന്നതാണ്, ഇതിനായുള്ള വിലാസവും കോൺടാക്റ്റ് നമ്പറും ഈ ടി ആൻഡ് സി-യിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ആയിരിക്കും. ഇതിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, കാർഡ് അംഗങ്ങൾക്ക് ഫെഡറൽ ബാങ്ക് കസ്റ്റമർ കെയർ സെന്റർ വഴി ക്രെഡിറ്റ് പരിധി വർദ്ധിപ്പിക്കൽ (അർഹതയുണ്ടെങ്കിൽ), ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം, ആകെ അടയ്ക്കേണ്ട തുക, സ്റ്റേറ്റ്മെന്റ് വിശദാംശങ്ങൾ, പേയ്മെന്റ് ഡ്യൂ ഡേറ്റ് തുടങ്ങിയവ ഉൾപ്പെടെയുള്ള സേവനങ്ങൾ ഫെഡറൽ ബാങ്ക് കസ്റ്റമർ കെയർ സെന്റർ-ൽ നിന്ന് പ്രയോജനപ്പെടുത്താൻ അർഹതയുണ്ടായിരിക്കും.

**കാർഡ് കാലാവധി, കാലാവധി അവസാനിക്കൽ, പുതുക്കൽ**

1. കാലാവധി കഴിഞ്ഞതിന് ശേഷം നിങ്ങൾ കാർഡ് ഉപയോഗിക്കുകയാണെങ്കിൽ, അതുമൂലം ഉണ്ടാകാനിടയുള്ള യാതൊരുവിധ പ്രത്യാഘാതങ്ങൾക്കും ബാങ്ക് ഉത്തരവാദിയായിരിക്കില്ല.
2. കാർഡിന്റെ കാലാവധി കഴിയുമ്പോഴോ അതിനുമുമ്പ് റദ്ദാക്കപ്പെടുമ്പോഴോ, ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ അത് പുതുക്കി നൽകുകയോ പുനഃസ്ഥാപിക്കുകയോ ചെയ്തേക്കാം. കാലാവധി കഴിഞ്ഞാൽ, കാർഡിലെ മാഗ്നറ്റിക് സ്ട്രൈപ്പിലൂടെ രണ്ടായി മുറിച്ച് അത് നശിപ്പിക്കേണ്ടതാണ്.

3. മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമാകാതെ തന്നെ, നിങ്ങൾ ടിആൻഡ്സി ലംഘിക്കുകയോ അല്ലെങ്കിൽ ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ ഏതെങ്കിലും കാരണത്താൽ അയോഗ്യരാണെന്ന് കണ്ടെത്തുകയോ ചെയ്യാത്ത പക്ഷം, ബാങ്ക് കാർഡിന്റെ കാലാവധി സ്വയമേവ പുതുക്കുകയും നിലവിൽ ഉപയോഗിക്കുന്ന കാർഡിന്റെ കാലാവധി തീരുന്നതിന് മുമ്പ് നിങ്ങൾക്ക് പുതിയ കാർഡ് അയച്ചുതരികയും ചെയ്യും. പുതുക്കിയ കാർഡ് ലഭിക്കാത്ത സാഹചര്യത്തിൽ, നിങ്ങൾക്ക് ബാങ്കിന്റെ നിശ്ചിത കസ്റ്റമർ കെയർ സെന്ററുമായി ബന്ധപ്പെടുകയോ അല്ലെങ്കിൽ കാലാകാലങ്ങളിൽ നിങ്ങളെ അറിയിച്ചിട്ടുള്ള വിലാസത്തിൽ ബാങ്കിന് കത്തെഴുതുകയോ ചെയ്യാവുന്നതാണ്. കാർഡ് പുതുക്കുന്നതിനോ പുനഃസ്ഥാപിക്കുന്നതിനോ ബാധകമായ പുതുക്കൽ ഫീസ് നൽകേണ്ടതാണ്.
4. നിങ്ങൾക്ക് കാർഡ് പുതുക്കാൻ താൽപ്പര്യമില്ലെങ്കിൽ, നിലവിൽ ഉപയോഗിക്കുന്ന കാർഡിന്റെ കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് 60 ദിവസം മുമ്പെങ്കിലും ബാങ്കിനെ അറിയിക്കേണ്ടതാണ്. അത്തരം അറിയിപ്പ് ലഭിച്ചില്ലെങ്കിൽ, ബാങ്ക് മുൻകൂട്ടി അറിയിക്കാതെ തന്നെ കാർഡ് പുതുക്കുന്നതാണ്. പുതുക്കുന്ന സമയത്ത് ബാധകമായ പുതുക്കൽ ഫീസ് നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്നതാണ്, ഇത് തിരികെ ലഭിക്കുന്നതല്ല.

**ഫീസുകൾ**

- കാർഡുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഫീസുകൾ നൽകാൻ നിങ്ങൾ സമ്മതിക്കുന്നു:

**- ജോയിനിംഗ് ഫീസ്:** ക്രെഡിറ്റ് കാർഡ് അനുവദിക്കുന്ന സമയത്ത് നിലവിലുള്ള നിരക്കിൽ ആയിരിക്കും.

**- വാർഷിക ഫീസുകൾ:** ക്രെഡിറ്റ് കാർഡ് അനുവദിക്കുന്ന സമയത്ത് നിലവിലുള്ള നിരക്കിലും, അതിനുശേഷം ഓരോ വർഷവും ക്രെഡിറ്റ് കാർഡ് ആദ്യം അനുവദിച്ച അതേ മാസത്തിലും ഈടാക്കുന്നതാണ്.

**- അഡീഷണൽ കാർഡ് ജോയിനിംഗ് ഫീസും വാർഷിക ഫീസുകൾ-ഉം:** ഓരോ അഡീഷണൽ കാർഡിനും കാർഡ് അക്കൗണ്ടിൽ നിലവിലുള്ള നിരക്കിൽ, കാർഡ് ഇഷ്യൂ ചെയ്യുന്ന സമയത്തും അതിനുശേഷം എല്ലാ വർഷവും ആഡ്-ഓൺ ക്രെഡിറ്റ് കാർഡ് ആദ്യം ഇഷ്യൂ ചെയ്ത മാസത്തിലും ഈടാക്കുന്നതാണ്.

- കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്ന ഫീസുകൾ തിരികെ ലഭിക്കുന്നതല്ല, കൂടാതെ ഫീസ് നിരക്കുകളിൽ മാറ്റം വരുത്താനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമായിരിക്കും. എന്നിരുന്നാലും, ബാധകമായ ഫീസിലെ മാറ്റങ്ങൾ (ഫീസ് നിരക്ക് വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെ), ഇമെയിൽ അല്ലെങ്കിൽ എസ്എംഎസ് വഴി നിങ്ങളെ മുൻകൂട്ടി അറിയിക്കുന്നതാണ്. കാർഡിന് ബാധകമായ ഫീസുകളുടെയും

ചാർജുകളുടെയും പട്ടിക നിങ്ങളുടെ അഭ്യർത്ഥന പ്രകാരം ലഭ്യമാകുന്നതാണ്, കൂടാതെ ഞങ്ങളുടെ വെബ്സൈറ്റായ www.federal.bank.in-ലും ഇത് ലഭ്യമാണ്.

**അഡീഷണൽ കാർഡ്**

1. ഒരു കാർഡ് അക്കൗണ്ടിന് ഒന്നിലധികം അഡീഷണൽ കാർഡുകൾ ഉണ്ടാകാം, അവയുടെ പരമാവധി എണ്ണം ബാങ്കിന്റെ മാത്രം വിവേചനാധികാരത്തിൽ തീരുമാനിക്കുന്നതാണ്.

2. നിങ്ങളുടെ അഭ്യർത്ഥനയോ അനുമതിയോ ലഭിച്ചുകഴിഞ്ഞാൽ, ബാങ്കിന്റെ വിവേചനാധികാരത്തിൽ, ഇവിടെയും ബാങ്കിന്റെ വെബ്സൈറ്റിലും നൽകിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി അഡീഷണൽ കാർഡ് മെമ്പറിന് അഡീഷണൽ കാർഡ് അനുവദിക്കാവുന്നതാണ്. ആഡ് ഓൺ കാർഡിന്റെ നിബന്ധനകളും വ്യവസ്ഥകളും അറിയാൻ ഇവിടെ ക്ലിക്ക് ചെയ്യുക.

3. അഡീഷണൽ കാർഡ് ഉപയോഗിച്ച് നടത്തുന്ന എല്ലാ ഇടപാടുകൾക്കും ഈടാക്കുന്ന ചാർജുകൾക്കും നിങ്ങൾ പൂർണ്ണ ഉത്തരവാദിയായിരിക്കും; ഇവ നിങ്ങളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നതാണ്. പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നിങ്ങൾക്ക് മാത്രമാണ് അയയ്ക്കുന്നതെങ്കിലും, എല്ലാ ചാർജുകൾക്കും നിങ്ങളോടൊപ്പം അഡീഷണൽ കാർഡ് മെമ്പർ-മാരും ബാങ്കിനോട് സംയുക്തമായും വ്യക്തിഗതമായും ബാധ്യസ്ഥരായിരിക്കും. ഈ നിബന്ധനകളും വ്യവസ്ഥകളും അഡീഷണൽ കാർഡ് മെമ്പർ-മാർക്കും ബാധകമായിരിക്കും.

4. ബാങ്കിനോട് അഭ്യർത്ഥിച്ചുകൊണ്ടും, കാർഡ് കഷണങ്ങളായി മുറിച്ചും, അഡീഷണൽ കാർഡ് പകുതിയായി മുറിച്ചും ബാങ്കിന് തിരികെ നൽകുന്നതിലൂടെ നിങ്ങൾക്ക് അഡീഷണൽ കാർഡ് സേവനം പിൻവലിക്കാവുന്നതാണ്. ഇവ ലഭിക്കുന്ന മുറയ്ക്ക് ബാങ്ക് അഡീഷണൽ കാർഡ് റദ്ദാക്കുന്നതാണ്.

5. ഏതെങ്കിലും കാരണത്താൽ പ്രൈമറി കാർഡ് അക്കൗണ്ട് റദ്ദാക്കപ്പെടുകയാണെങ്കിൽ, അഡീഷണൽ കാർഡ് സൗകര്യവും അതിന്റെ ആനുകൂല്യങ്ങളും സ്വയമേവ പിൻവലിക്കപ്പെടുന്നതാണ്.

**ക്രെഡിറ്റ് ലിമിറ്റ്**

1. കാർഡ് അനുവദിക്കുന്ന സമയത്ത് നിങ്ങൾക്ക് നൽകുന്ന വെൽക്കം ലെറ്ററിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരമായിരിക്കും നിങ്ങളുടെ ക്രെഡിറ്റ് ലിമിറ്റ്. ബാങ്കിന്റെ മാത്രം വിവേചനാധികാരത്തിൽ ക്രെഡിറ്റ് ലിമിറ്റ് കുറയ്ക്കാവുന്നതാണ്, അത്തരം മാറ്റങ്ങൾ വരുത്തുമ്പോൾ കൃത്യസമയത്ത് നിങ്ങളെ അറിയിക്കുന്നതുമാണ്. കാർഡ് അക്കൗണ്ട്, അഡീഷണൽ കാർഡ് മെമ്പർ എന്നിവയ്ക്കായി കുറഞ്ഞ പരിധിയിലുള്ള മറ്റ് ക്രെഡിറ്റുകൾക്കും നിങ്ങൾക്ക് അർഹതയുണ്ട്. ഒരു കാർഡ് മെമ്പർ/ അഡീഷണൽ കാർഡ് മെമ്പറിന് അനുവദിച്ചിട്ടുള്ള ഇത്തരത്തിലുള്ള

കുറഞ്ഞ ക്രെഡിറ്റ് ലിമിറ്റ് ഓരോ ബില്ലിംഗ് സൈക്കിളിന് ശേഷവും നിശ്ചിത പരിധിയിലേക്ക് പുനഃസ്ഥാപിക്കപ്പെടും. ക്രെഡിറ്റ് ലിമിറ്റുകൾ വർദ്ധിപ്പിക്കുന്നത് നിങ്ങളുടെ സമ്മതം ലഭിച്ചതിന് ശേഷം മാത്രമേ നടപ്പിലാക്കുകയുള്ളൂ. എന്നിരുന്നാലും, മുകളിൽ സൂചിപ്പിച്ചത് പോലെ, കാർഡ് ഉടമയെ അറിയിച്ചുകൊണ്ട് ക്രെഡിറ്റ് ലിമിറ്റ് കുറയ്ക്കാൻ ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ അധികാരമുണ്ടായിരിക്കും.

2. മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ കാർഡ് ഉപയോഗിക്കുന്നത് ബാങ്ക് ഓരോ കാർഡ് അക്കൗണ്ടിനും അനുവദിച്ചിട്ടുള്ള ക്രെഡിറ്റ് ലിമിറ്റിന് വിധേയമായിരിക്കും. പ്രൈമറി ക്രെഡിറ്റ് കാർഡിനും അഡീഷണൽ കാർഡിനും കൂടി ഒരു പൊതുവായ ക്രെഡിറ്റ് ലിമിറ്റായിരിക്കും നിശ്ചയിക്കുക. അതിനാൽ രണ്ട് ക്രെഡിറ്റ് കാർഡുകൾ-കളിലും കൂടി അനുവദനീയമായ ആകെ ക്രെഡിറ്റ് ലിമിറ്റ് ഒരു സമയത്തും കാർഡിന്റെ ക്രെഡിറ്റ് ലിമിറ്റിനേക്കാൾ കൂടാൻ പാടുള്ളതല്ല. കാർഡ് ഉടമയുടെ അഭ്യർത്ഥനപ്രകാരം ബാങ്കിന്റെ വിവേചനാധികാരത്തിൽ അഡീഷണൽ കാർഡ് ഇടപാട് പരിധി നിശ്ചയിക്കുന്നതാണ്. കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തുക ഒരു സമയത്തും ക്രെഡിറ്റ് ലിമിറ്റിനേക്കാൾ കൂടാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ ലംഘിക്കപ്പെട്ടാൽ, ക്രെഡിറ്റ് ലിമിറ്റിനേക്കാൾ എത്ര തുക അധികമായി എന്നതൊന്നും പരിഗണിക്കാതെ നിലവിലുള്ള നിരക്കിൽ നിങ്ങളിൽ നിന്ന് ഫീസ് ഈടാക്കുന്നതാണ്. അധികമായി വന്ന തുക നിങ്ങൾ ഉടൻ തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഫീസിൽ മാറ്റം വരുത്താനുള്ള പൂർണ്ണ അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.

3. നിങ്ങളുടെ കാർഡ് റദ്ദാക്കിയാൽ ക്രെഡിറ്റ് ലിമിറ്റും കാർഡ് അക്കൗണ്ടും റദ്ദാക്കപ്പെടുന്നതാണ്. പേയ്മെന്റ് ഡ്യൂ ഡേറ്റ്-നോ അതിന് മുൻപോ മിനിമം എമൗണ്ട് ഡ്യൂ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, കുടിശ്ശിക തീർപ്പാക്കി കാർഡ് അക്കൗണ്ട് ക്രമീകരിക്കുന്നത് വരെ കാർഡ് സേവനങ്ങൾ തടഞ്ഞുവെക്കാനുള്ള പൂർണ്ണ അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.

4. പ്രതിമാസ സ്റ്റേറ്റ്മെന്റ് പ്രകാരം അടയ്ക്കേണ്ട തുകയേക്കാൾ കൂടുതൽ തുക നിങ്ങൾ അടയ്ക്കുകയാണെങ്കിൽ, അധികമായി വരുന്ന ക്രെഡിറ്റ് ബാലൻസ് തുകയ്ക്ക് പലിശ ലഭിക്കാൻ നിങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല. ഈ തുക തുടർന്നുള്ള മാസങ്ങളിൽ അടയ്ക്കേണ്ട തുകയിലേക്ക് ക്രമീകരിക്കുകയും അത് അടുത്ത മാസങ്ങളിലെ സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തുകയും ചെയ്യും.

5. നിങ്ങളുടെ ക്രെഡിറ്റ് കാർഡിന് അനുവദിച്ചിട്ടുള്ള ഇന്റർനാഷണൽ ലിമിറ്റ് എന്നത് വിദേശത്തെ പർച്ചേസ് ഇടപാടുകൾക്കോ (ഓൺലൈൻ ഉൾപ്പെടെ) അല്ലെങ്കിൽ എടിഎം ഉപയോഗത്തിനോ ഉള്ള പരമാവധി പരിധിയെ സൂചിപ്പിക്കുന്നു.

**കാർഡ് ഉപയോഗം**

1. കാർഡ് ലഭിച്ചാലുടൻ, കാർഡിന്റെ പിന്നിലുള്ള സിഗ്നേച്ചർ പാനലിൽ നിങ്ങൾ ഉടൻ തന്നെ ഒപ്പിടേണ്ടതാണ്.

2. കാർഡ് യഥാർത്ഥ വ്യക്തിഗത ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ, അതായത് വ്യക്തിഗത ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് മാത്രം. വാണിജ്യപരമായോ ബിസിനസ് ആവശ്യങ്ങൾക്കോ വേണ്ടി വീണ്ടും വിൽക്കുന്നതിനും അതുവഴി സാമ്പത്തിക ലാഭം നേടുന്നതിനും നിങ്ങൾ കാർഡ് ഉപയോഗിക്കാൻ പാടില്ല.

3. ലോട്ടറി ടിക്കറ്റുകൾ, നിരോധിച്ചതോ വിലക്കിയതോ ആയ മാഗസിനുകൾ, സ്വീപ് സ്റ്റേക്കുകളിലെ പങ്കാളിത്തം, കോൾ-ബാക്ക് സേവനങ്ങൾക്കുള്ള പേയ്‌മെന്റ് കൂടാതെ/അല്ലെങ്കിൽ വിദേശനാണ്യം പിൻവലിക്കാൻ അനുമതിയില്ലാത്ത അത്തരം സാധനങ്ങൾ/പ്രവർത്തനങ്ങൾ എന്നിവ പോലുള്ള നിരോധിത ഇനങ്ങൾ വാങ്ങുന്നതിന് ഇന്റർനാഷണൽ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

4. ചാർജ് ഈടാക്കുന്ന സമയത്ത് നിങ്ങൾ ചാർജ് സ്ലിപ്, ക്യാഷ് അഡ്വാൻസ് സ്ലിപ് അല്ലെങ്കിൽ മെയിൽ ഓർഡർ കൂപ്പൺ എന്നിവയിൽ ഒപ്പിടുകയോ കൂടാതെ/അല്ലെങ്കിൽ അവ കൈപ്പറ്റുകയോ ചെയ്യേണ്ടതാണ്. ചാർജ് സ്ലിപ്പിൽ ഒപ്പിടാതിരിക്കുന്നത് ചാർജുകൾ അടയ്ക്കാനുള്ള ബാധ്യതയിൽ നിന്ന് നിങ്ങളെ ഒഴിവാക്കില്ല. ചാർജ് സ്ലിപ്പുകളുടെ നിങ്ങളുടെ പകർപ്പ് കുറഞ്ഞത് ആറ് മാസത്തേക്കെങ്കിലും നിങ്ങൾ സൂക്ഷിച്ചു വെക്കേണ്ടതാണ്.

5. മുൻകൂട്ടി അറിയിക്കാതെയോ യാതൊരു കാരണവും വ്യക്തമാക്കാതെയോ ഏതു സമയത്തും മെർച്ചന്റ് എസ്റ്റാബ്ലിഷ്‌മെന്റിൽ ആരംഭിച്ച ഒരു ഇടപാടിനുള്ള അനുമതി നിഷേധിക്കാനോ, കാർഡ് ഉപയോഗിക്കാനുള്ള നിങ്ങളുടെ അവകാശത്തെ നിയന്ത്രിക്കാനോ മാറ്റിവയ്ക്കാനോ, കൂടാതെ/അല്ലെങ്കിൽ കാർഡ് സസ്പെൻഡ് ചെയ്യാനോ റദ്ദാക്കാനോ ബാങ്കിന് അധികാരമുണ്ടെന്ന് നിങ്ങൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ക്രെഡിറ്റ് അല്ലെങ്കിൽ ബിസിനസ് റിസ്ക് ശരിയായി കൈകാര്യം ചെയ്യുന്നതിന് അത് ആവശ്യമാണെന്ന് ബാങ്ക് ന്യായമായി വിശ്വസിക്കുകയാണെങ്കിലോ, അല്ലെങ്കിൽ കാർഡോ കാർഡ് അക്കൗണ്ടോ ദുരുപയോഗം ചെയ്യപ്പെടുകയോ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെങ്കിലോ കാർഡ് തിരിച്ചെടുക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും. അത്തരം സാഹചര്യത്തിൽ, ബാങ്ക് ആവശ്യപ്പെട്ടാൽ, എടിഎം, മെർച്ചന്റ് എസ്റ്റാബ്ലിഷ്‌മെന്റ് അല്ലെങ്കിൽ ബാങ്കിന്റെ ഏതെങ്കിലും ശാഖകൾ വഴിയോ ഉൾപ്പെടെ ബാങ്ക് നിർദ്ദേശിക്കുന്ന രീതിയിൽ നിങ്ങൾ കാർഡ് തിരികെ നൽകേണ്ടതാണ്.

6. കാർഡ് അക്കൗണ്ടിലെ ഏതെങ്കിലും ഇടപാടുകൾക്കായി ബാങ്കിന് ഏതെങ്കിലും വിധത്തിൽ ലഭിക്കുന്ന ചാർജ് സ്ലിപ്പോ മറ്റ് പേയ് മെന്റ് അഭ്യർത്ഥനകളോ, അതിൽ

രേഖപ്പെടുത്തിയിരിക്കുന്ന തുക നിങ്ങൾ കാർഡ് ഉപയോഗിച്ചതിലൂടെ ഉണ്ടായതാണെന്നതിന്റെ നിർണ്ണായക തെളിവായിരിക്കും. മെയിൽ ഓർഡർ, ടെലിഫോൺ ഓർഡർ അല്ലെങ്കിൽ ഇലക്ട്രോണിക് കൊമേഴ് സ് എന്നിവ വഴി ഇടപാടുകൾ നടത്തുന്ന സാഹചര്യങ്ങളിൽ ചാർജ് സ്ലിപ്പോ വൗച്ചറോ ലഭ്യമല്ലാത്തപ്പോൾ, നിങ്ങൾ ആ ഇടപാടിനെക്കുറിച്ച് തർക്കം ഉന്നയിക്കുകയാണെങ്കിൽ, ആദ്യം കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തീർപ്പാക്കേണ്ടതും അതിനുശേഷം ബന്ധപ്പെട്ട മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്-മായി നേരിട്ട് തർക്കം പരിഹരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ബാങ്ക് യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കില്ല. ഇടപാടുകളെ സംബന്ധിച്ച ഏതെങ്കിലും തർക്കത്തിന്റെ പേരിൽ, ഈ ടി ആൻഡ് സി പ്രകാരമുള്ള പേയ്മെന്റ് ബാധ്യതകളിൽ നിന്ന് നിങ്ങൾക്ക് ഒഴിവാകാൻ കഴിയില്ല.

7. ബാങ്ക് കാലാകാലങ്ങളിൽ അറിയിക്കുന്നതനുസരിച്ച് ചില ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും പർച്ചേസിന് സർചാർജ് ഈടാക്കാവുന്നതാണ്. സർചാർജ് പേയ്മെന്റ് നിർബന്ധിതമാണ്, ഇത് കാലാകാലങ്ങളിൽ മാറാവുന്നതുമാണ്.

8. ബാങ്ക് നിങ്ങൾക്ക് നൽകുന്ന പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നിങ്ങൾ വരുത്തിയ ചാർജുകളുടെ പ്രഥമദൃഷ്ട്യാ തെളിവായിരിക്കും. സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും ചാർജുകളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ, സ്റ്റേറ്റ്മെന്റ് തീയതി മുതൽ 30 (മുപ്പത്) ദിവസത്തിനുള്ളിൽ അത് ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, അക്കൗണ്ട് സ്റ്റേറ്റ്മെന്റിലെ ചാർജുകൾ നിങ്ങൾ അംഗീകരിച്ചതായി കണക്കാക്കുകയും അതിലെ തുക ബാങ്കിന് നൽകാൻ നിങ്ങൾ ബാധ്യസ്ഥനായിരിക്കുകയും ചെയ്യും.

9. മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് കാർഡ് സ്വീകരിക്കാൻ വിസമ്മതിക്കുകയോ കാർഡിന്മേൽ സർചാർജ് ഈടാക്കുകയോ ചെയ്താൽ ബാങ്ക് അതിന് ഉത്തരവാദിയായിരിക്കില്ല. എന്നിരുന്നാലും, കാർഡ് മെമ്പർ ഈ പരാതിയെക്കുറിച്ച് ബാങ്ക് കാലാകാലങ്ങളിൽ അറിയിക്കുന്ന വിലാസത്തിലോ അല്ലെങ്കിൽ നിശ്ചയിച്ചിട്ടുള്ള കസ്റ്റമർ സർവീസ് സെന്ററിലോ ഉടൻ തന്നെ ബാങ്കിനെ അറിയിക്കേണ്ടതാണ്.

10. മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിൽ നിന്നോ മറ്റേതെങ്കിലും മൂന്നാം കക്ഷി വിതരണക്കാരിൽ നിന്നോ മെയിൽ ഓർഡർ, ടെലിഫോൺ ഓർഡർ അല്ലെങ്കിൽ ഇലക്ട്രോണിക് കൊമേഴ്സ് (ഉദാഹരണത്തിന് ഇന്റർനെറ്റ്) ഉൾപ്പെടെയുള്ള ഏതെങ്കിലും മാർഗങ്ങളിലൂടെ നിങ്ങൾ വാങ്ങുന്നതോ പ്രയോജനപ്പെടുത്തുന്നതോ ആയ സാധനങ്ങളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരം, വില, നിരക്ക്, വാറന്റി, ആനുകൂല്യങ്ങൾ, സേവനങ്ങളിലെ കുറവ്/താമസം, ഡെലിവറി അല്ലെങ്കിൽ ഡെലിവറി ലഭിക്കാത്തത് തുടങ്ങിയ കാര്യങ്ങളിൽ ബാങ്ക് യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കില്ല. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ നിങ്ങൾ മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട മൂന്നാം കക്ഷി

വിതരണക്കാരുമായി നേരിട്ട് പരിഹരിക്കേണ്ടതാണ്. അത്തരം തർക്കങ്ങൾ പരിഹരിക്കപ്പെടാത്തത് ബാങ്കിനോടുള്ള നിങ്ങളുടെ ബാധ്യതകളിൽ നിന്ന് നിങ്ങളെ ഒഴിവാക്കുന്നതല്ല.

11. ഒരു മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്/തേർഡ് പാർട്ടി സപ്ലയർക്കെതിരെ നിങ്ങൾ ഉന്നയിക്കുന്ന യാതൊരു അവകാശവാദവും ബാങ്കിന് നിങ്ങൾ നൽകേണ്ട പേയ്മെന്റുകൾക്കെതിരെയുള്ള സെറ്റ് ഓഫ് അല്ലെങ്കിൽ കൗണ്ടർ ക്ലെയിമിന് കാരണമാകുകയോ അതിന് വിധേയമാകുകയോ ചെയ്യില്ല.

12. കാർഡ് അനുവദിച്ചതിന് ശേഷം ഏത് സമയത്തും ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ, നിങ്ങളോട് യാതൊരു വിധത്തിലും ബാധ്യതയില്ലാതെ തന്നെ അത് സസ്പെൻഡ് ചെയ്യാനോ പിൻവലിക്കാനോ റദ്ദാക്കാനോ ബാങ്കിന് അധികാരമുണ്ട്. കാർഡ്, ഈ ടിആൻഡ് സി എന്നിവയുടെ റദ്ദാക്കൽ അതിനോടൊപ്പമുള്ള ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ സ്വയമേവ റദ്ദാക്കപ്പെടുന്നതിന് കാരണമാകും.

13. ഫിനാൻസ് ചാർജുകളോ ഫീസുകളോ ഒഴിവാക്കുന്നതിനായി, സാധനങ്ങൾ/സേവനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന തുക, പിന്നീട് ആ പർച്ചേസ് റദ്ദാക്കിയാൽ പോലും നിങ്ങൾ അടയ്ക്കേണ്ടതാണ്. റദ്ദാക്കൽ മൂലമുള്ള റീഫണ്ട് തുക (ബാധകമെങ്കിൽ റദ്ദാക്കൽ ചാർജുകൾ കുറച്ചതിന് ശേഷം) ബാങ്കിന് ലഭിച്ചാൽ മാത്രമേ കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയുള്ളൂ. ഉപയോഗിച്ചതോ ഉപയോഗിക്കാനിരിക്കുന്നതോ ആയ ക്രെഡിറ്റ് ലിമിറ്റുകൾ-ലേക്ക് ക്രമീകരിക്കുന്നതല്ലാതെ മറ്റ് മാർഗങ്ങളിലൂടെ റീഫണ്ട് നൽകുന്നതല്ല. നിശ്ചിത സമയത്തിനുള്ളിൽ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ ക്രെഡിറ്റ് കാണിക്കുന്നില്ലെങ്കിൽ, നിങ്ങൾ ഉടൻ തന്നെ ബാങ്കിനെ അറിയിക്കേണ്ടതാണ്.

14. നിയമങ്ങൾ, ചട്ടങ്ങൾ, റെഗുലേഷനുകൾ, ഈ ടിആൻഡ്സി-യിലെ നിബന്ധനകളും വ്യവസ്ഥകളും എന്നിവയ്ക്ക് വിരുദ്ധമായി നിങ്ങൾ കാർഡ് ഉപയോഗിക്കാൻ പാടില്ല. അത്തരം നിയമവിരുദ്ധമായതോ അനധികൃതമായതോ ആയ ഉപയോഗമുണ്ടായാൽ, അതുമൂലമോ നിങ്ങളുടെ പ്രവൃത്തികൾ, വീഴ്ചകൾ അല്ലെങ്കിൽ അശ്രദ്ധ എന്നിവ കാരണമായോ ബാങ്കിന് ഉണ്ടായേക്കാവുന്ന ഏതൊരു നഷ്ടം, നാശനഷ്ടം, പലിശ, കൺവേർഷൻ, മറ്റ് സാമ്പത്തിക ചാർജുകൾ, ചെലവുകൾ, പ്രത്യാഘാതങ്ങൾ എന്നിവ പരിഹരിക്കുമെന്നും ബാങ്കിന് നഷ്ടപരിഹാരം നൽകുമെന്നും നിങ്ങൾ ഇതിനാൽ ഉറപ്പുനൽകുന്നു.

15. ബാങ്ക് നിങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ഇടപാടുകൾ അല്ലെങ്കിൽ ഈടാക്കുന്ന ചാർജുകൾ എന്നിവയ്ക്ക് മേൽ ചുമത്തുന്ന ഏതൊരു നിയമപരമായ കുടിശ്ശികകളും നികുതികളും ലെവികളും നൽകാൻ നിങ്ങൾ ബാധ്യസ്ഥനാണ്.

16. അന്താരാഷ്ട്ര ഇടപാടുകളുടെ കാര്യത്തിൽ, വിദേശ കറൻസിയിലുള്ള ഇടപാട് തുകകളും ഈടാക്കുന്ന ചാർജുകളും, ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫോറെക്സ് നിരക്കുകളിൽ ഇന്ത്യൻ രൂപയിലേക്ക് മാറ്റുന്നതിന് നിങ്ങൾ ഇതിനാൽ ബാങ്കിനെ സമ്മതമറിയിക്കുകയും അധികാരപ്പെടുത്തുകയും ചെയ്യുന്നു.

17. കാർഡ് ഉപയോഗിച്ച് വാങ്ങുന്ന സാധനങ്ങളുടെ മുഴുവൻ തുകയും നിങ്ങൾ ബാങ്കിലേക്ക് അടച്ചുതീർക്കുന്നത് വരെ അവ ബാങ്കിന്റെ ഉടമസ്ഥതയിലായിരിക്കും എന്ന് നിങ്ങൾ സമ്മതിക്കുന്നു.

**ക്യാഷ് അഡ്വാൻസുകൾ**

1. ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ബാങ്കിന്റെ ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകളിൽ (എടിഎമ്മുകൾ) നിന്നും, തിരഞ്ഞെടുത്ത പാർട്ണർ ബാങ്കുകളിൽ നിന്നും, ബാങ്ക് കാലാകാലങ്ങളിൽ വാഗ്ദാനം ചെയ്യുന്ന മറ്റ് സ്ഥലങ്ങളിൽ/അനുവദനീയമായ സ്ഥാപനങ്ങളിൽ നിന്നും പണം പിൻവലിക്കുന്നതിനും, ബാങ്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് സൗകര്യം പോലുള്ള മറ്റ് പണത്തിന് തുല്യമായ ഇടപാടുകൾക്കും നിങ്ങൾക്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കാവുന്നതാണ്. ഇത്തരം പണം പിൻവലിക്കലുകൾക്കും/ക്യാഷ് അഡ്വാൻസുകൾക്കും പണത്തിന് തുല്യമായ ഇടപാടുകൾക്കും, ആർബിഐയും മറ്റ് സർക്കാർ സ്ഥാപനങ്ങളും വിജ്ഞാപനം ചെയ്തിട്ടുള്ള ഫോറിൻ എക്സ്ചേഞ്ച് നിയമവും അതിന് കീഴിലുള്ള ചട്ടങ്ങളും ഉൾപ്പെടെയുള്ള നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും നിങ്ങൾ പാലിക്കേണ്ടതാണ്. പണം പിൻവലിക്കുന്നതിനായി/അഡ്വാൻസുകൾക്കായി ബാങ്ക് നിങ്ങൾക്ക് നൽകിയിട്ടുള്ള എടിഎം കോഡ്/പിൻ (PIN) നിങ്ങൾ ആർക്കും വെളിപ്പെടുത്താൻ പാടുള്ളതല്ല, കൂടാതെ അത് മറ്റാരും അറിയുന്നില്ലെന്ന് ഉറപ്പാക്കാൻ സാധ്യമായ എല്ലാ മുൻകരുതലുകളും എടുക്കേണ്ടതുമാണ്.

2. ലഭ്യമായ ക്യാഷ് ലിമിറ്റ് പരിധിക്കും ക്യാഷ് അഡ്വാൻസ് ഇടപാടുകൾക്ക് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതോ അറിയിക്കുന്നതോ ആയ നിങ്ങളുടെ ക്യാഷ് ലിമിറ്റ് തുക വരെ നിങ്ങൾക്ക് ക്യാഷ് അഡ്വാൻസ്/ക്യാഷ് വിത്ത്ഡ്രോവൽ/ക്യാഷ് ഇടപാടുകൾ നടത്താവുന്നതാണ്.

3. ക്യാഷ് അഡ്വാൻസുകൾക്കുള്ള ചാർജുകൾ (അതായത് ട്രാൻസാക്ഷൻ ചാർജുകൾ, ഹാൻഡ് ലിംഗ് ചാർജുകൾ തുടങ്ങിയവ), അവയുടെ നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ കാർഡ് മെമ്പറിനെ രേഖാമൂലം അറിയിക്കുന്നതാണ്. ഇത്തരം ചാർജുകളിൽ മാറ്റം വരുത്താനുള്ള പൂർണ്ണ അധികാരം ബാങ്കിനായിരിക്കും. പണം പിൻവലിച്ച തീയതി മുതൽ സെറ്റിൽമെന്റ് തീയതി വരെയുള്ള കാലയളവിൽ കാർഡ് അക്കൗണ്ടിൽ ഈ ചാർജുകൾ ഈടാക്കുന്നതാണ്.

**ബില്ലിംഗും സെറ്റിൽമെന്റും**

1. കാർഡ് അക്കൗണ്ടിൽ 200 രൂപയിൽ (ഇരുന്നൂറ് രൂപ മാത്രം) കൂടുതൽ തുകയുടെ ഏതെങ്കിലും ഇടപാടുകളോ ചാർജുകളോ കുടിശ്ശികയുള്ള ഓരോ ബില്ലിംഗ് കാലയളവിലും/ബില്ലിംഗ് സൈക്കിൾ-ലും ബാങ്ക് കൃത്യമായ ഇടവേളകളിൽ നിങ്ങൾക്ക് പ്രതിമാസ സ്റ്റേറ്റ്മെന്റ് അയച്ചുതരുന്നതാണ്. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിങ്ങളുടെ ഇ-മെയിൽ ഐഡിയിലേക്ക് അയയ്ക്കും. പേയ്മെന്റ് ഡ്യൂ ഡേറ്റ്, ബില്ലിംഗ് തീയതി മുതൽ പരമാവധി 18 ദിവസങ്ങൾ വരെയായിരിക്കും.

2. കാർഡ് അക്കൗണ്ടിൽ ഈടാക്കുന്ന എല്ലാ ചാർജുകൾക്കും ബാങ്ക്, കാർഡ് അക്കൗണ്ടിൽ നിന്ന് തുക ഡെബിറ്റ് ചെയ്യുന്നതാണ്. കൂടാതെ, കാർഡ് അക്കൗണ്ടിലേക്ക് നിങ്ങൾ ബാങ്കിന് നൽകുന്ന എല്ലാ പേയ്മെന്റുകളും മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകൾ-ൽ നിന്ന് നിങ്ങൾക്ക് അനുകൂലമായി ലഭിക്കുന്ന ഏതൊരു ക്രെഡിറ്റും കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്യും.

3. കാർഡ് ഉപയോഗിച്ച് കാർഡ് മെമ്പർ നടത്തുന്ന ഇടപാടുകൾ, പേയ് മെന്റുകൾ, ലഭിക്കുന്ന ക്രെഡിറ്റുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബാങ്ക് പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ് മെന്റ് നൽകുന്നതാണ്. ഓരോ ബില്ലിംഗ് കാലയളവിലെയും പ്രതിമാസ സ്റ്റേറ്റ് മെന്റിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ, ക്യാഷ് അഡ്വാൻസുകൾ/ക്യാഷ് വിത്ത് ഡ്രോവലുകൾ/ക്യാഷ് ഇടപാടുകൾ, ഫീസുകൾ, ജിഎസ്ടി, മറ്റ് ചാർജുകൾ, കാർഡ് അക്കൗണ്ടിലേക്ക് ലഭിച്ച പേയ് മെന്റുകളും ക്രെഡിറ്റുകളും തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കും. പ്രതിമാസ സ്റ്റേറ്റ് മെന്റുകളിൽ ആകെ കുടിശ്ശിക തുകയും നിശ്ചിത തീയതിക്ക് മുമ്പ് നിങ്ങൾ അടയ്ക്കേണ്ട മിനിമം എമൗണ്ട് ഡ്യൂ തുകയും രേഖപ്പെടുത്തിയിരിക്കും. അക്കൗണ്ട് സ്റ്റേറ്റ് മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് ഡ്യൂ ഡേറ്റ്-നോ അതിന് മുമ്പോ അത്തരം തുകകൾ/പേയ് മെന്റുകൾ കാർഡ് അക്കൗണ്ടിൽ ലഭിക്കുന്നതിനായി നിങ്ങൾ കുറഞ്ഞത് മിനിമം എമൗണ്ട് ഡ്യൂ എങ്കിലും മുൻകൂട്ടി അടയ്ക്കേണ്ടതാണ്. നിങ്ങളിൽ നിന്നോ നിങ്ങളുടെ ബാങ്കിൽ നിന്നോ ക്ലിയർ ചെയ്ത ഫണ്ടുകളുടെ പേയ് മെന്റ് ബാങ്കിന് യഥാർത്ഥത്തിൽ ലഭിക്കുമ്പോൾ മാത്രമേ നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുകയുള്ളൂ. ക്രെഡിറ്റ് പരിധി കവിയുന്ന തുകകൾ ഉൾപ്പെടെയുള്ള കുടിശ്ശിക തുകകൾ, ലേറ്റ് ഫീ/മറ്റ് ബാധകമായ ചാർജുകൾ എന്നിവ ഒഴിവാക്കുന്നതിനായി ഉടനടി അടയ്ക്കേണ്ടതാണ്.

4. പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ മിനിമം എമൗണ്ട് ഡ്യൂ അടയ്ക്കാനും ബാക്കി തുക അടുത്ത ബില്ലിംഗ് സൈക്കിളിലേക്ക് മാറ്റിവയ്ക്കാനും നിങ്ങൾക്ക് സൗകര്യമുണ്ട്. മിനിമം എമൗണ്ട് ഡ്യൂ ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ തീരുമാനിക്കുന്നതാണ്. എല്ലാ മാസവും മിനിമം എമൗണ്ട് ഡ്യൂ മാത്രം അടയ്ക്കുന്നത് തിരിച്ചടവ് കാലാവധി വർഷങ്ങളോളം

നീണ്ടുനിൽക്കുന്നതിനും നിങ്ങളുടെ കുടിശ്ശിക തുകയിൽ ബാധകമായ ചാർജുകൾ ഈടാക്കുന്നതിനും കാരണമാകുമെന്ന് ദയവായി ശ്രദ്ധിക്കുക.

5. പേയ്മെന്റ് ഡ്യൂ ഡേറ്റ്-നുള്ളിൽ മിനിമം എമൗണ്ട് ഡ്യൂ അടയ്ക്കാതിരുന്നാൽ, ക്രെഡിറ്റ് കാർഡ്-ലെ സേവനം പിൻവലിക്കാനോ (താൽക്കാലികമായോ സ്ഥിരമായോ) സസ്പെൻഡ് ചെയ്യാനോ ഉള്ള നടപടികൾക്ക് നിങ്ങൾ വിധേയരായേക്കാം. ഇത്തരം കുടിശ്ശികകൾക്ക് ഫീസും ഈടാക്കാവുന്നതാണ്. ബാങ്കിന് അവരുടെ വിവേചനാധികാരത്തിൽ ക്രെഡിറ്റ് കാർഡ് നിരസിക്കാൻ മെർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകൾ-നോട് നിർദ്ദേശിക്കാവുന്നതാണ്, കൂടാതെ ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വാണിംഗ് ബുള്ളറ്റിനിൽ കാർഡ് നമ്പർ ഉൾപ്പെടുത്തിക്കൊണ്ട് കാർഡ് ഏറ്റെടുക്കാനും നിർദ്ദേശിക്കാം.

6. ഔട്ട്സ്റ്റേഷൻ ചെക്ക്/ഡ്രാഫ്റ്റ് മുഖേനയുള്ള പേയ്മെന്റുകൾക്ക് (അതായത്, ബാങ്ക് കാലാകാലങ്ങളിൽ തീരുമാനിക്കുന്ന ചില പ്രത്യേക നഗരങ്ങളിലല്ലാതെ മറ്റ് നഗരങ്ങളിൽ മാറാവുന്ന ചെക്ക്/ഡ്രാഫ്റ്റ്, ഇതിന്റെ വിശദാംശങ്ങൾ അഭ്യർത്ഥന പ്രകാരം ലഭ്യമാക്കുന്നതാണ്) പ്രോസസ്സിംഗ് ഫീ ഈടാക്കുന്നതാണ്. ഔട്ട്സ്റ്റേഷൻ ചെക്കുകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള ഫീസ് എംഐടിസി-യിൽ സൂചിപ്പിച്ചിട്ടുണ്ട്. അത്തരം സ്ഥലങ്ങളുടെ പട്ടികയും പ്രോസസ്സിംഗ് ഫീസും കാർഡ് ഉടമയ്ക്ക് 30 (മുപ്പത് ദിവസം) മുൻകൂർ നോട്ടീസ് നൽകിക്കൊണ്ട് ബാങ്കിന്റെ മാത്രം വിവേചനാധികാരത്തിൽ മാറ്റാവുന്നതാണ്.

7. നിങ്ങളുടെ ഏതെങ്കിലും പേയ് മെന്റ് ഇൻസ്ട്രുമെന്റ് പിന്നീട് അസാധുവാക്കപ്പെടുകയാണെങ്കിൽ, ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ കാർഡ് സേവനം താൽക്കാലികമായി നിർത്തുകയോ റദ്ദാക്കുകയോ ചെയ്തേക്കാം. കൂടാതെ, ഷെഡ്യൂൾ ഓഫ് ചാർജസിൽ സൂചിപ്പിച്ചിരിക്കുന്ന ഫീസ് ബാങ്കിന്റെ വിവേചനാധികാരത്തിന് വിധേയമായി കാർഡ് അക്കൗണ്ടിൽ നിന്ന് ഈടാക്കുന്നതുമാണ്. ഇത്തരം ഫീസ് തുകയിൽ മാറ്റം വരുത്താനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. കൂടാതെ, ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ തീരുമാനിക്കുന്നത് പ്രകാരം ഉചിതമായ നിയമനടപടികൾ സ്വീകരിക്കാനുള്ള അവകാശവും ബാങ്കിൽ നിക്ഷിപ്തമാണ്.

8. കാർഡ് അക്കൗണ്ടിലേക്ക് ലഭിക്കുന്ന എല്ലാ പേയ്മെന്റുകളും, നിങ്ങളോ പേയ്മെന്റ് നടത്തുന്ന മറ്റേതെങ്കിലും വ്യക്തിയോ നൽകുന്ന നിർദ്ദേശങ്ങളോ പ്രത്യേക വിനിയോഗമോ പരിഗണിക്കാതെ തന്നെ, ബാങ്കിന്റെ ആന്തരിക അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾക്കും ക്രെഡിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഞങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

9. ബാങ്ക് കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന ചാർജുകളുടെ പട്ടികയിൽ (ഷെഡ്യൂൾ ഓഫ് ചാർജസ്) വ്യക്തമാക്കിയിട്ടുള്ള സർവീസ് ചാർജ് നൽകുന്നതിന് വിധേയമായി, കാർഡ് ഉടമയ്ക്ക് 30 (മുപ്പത്) ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിക്കൊണ്ട്, നിങ്ങളുടെ അപേക്ഷയ്ക്ക് തൊട്ടുമുമ്പുള്ള പന്ത്രണ്ട് മാസത്തെ

അക്കൗണ്ടുകളുടെ ഡ്യൂപ്ലിക്കേറ്റ് പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ ബാങ്ക് നിങ്ങൾക്ക് നൽകുന്നതാണ്.

10. നിങ്ങളുടെ എൻആർഒ അക്കൗണ്ടിൽ നിന്ന് തുക ഡെബിറ്റ് ചെയ്തുകൊണ്ട് കാർഡ് അക്കൗണ്ടിലേക്ക് പേയ്മെന്റ് നടത്തുകയാണെങ്കിൽ, ഇന്ത്യയിലെ നിങ്ങളുടെ നിയമാനുസൃതമായ വരുമാനത്തിൽ നിന്ന് എൻആർഒ അക്കൗണ്ടിൽ ലഭ്യമായ ബാലൻസിൽ നിന്നാണ് ഈ പേയ്മെന്റ് നടത്തുന്നതെന്നും, മറ്റ് വ്യക്തികളിൽ നിന്നുള്ള വായ്പയോ മറ്റ് എൻആർഒ അക്കൗണ്ടുകളിൽ നിന്നുള്ള കൈമാറ്റമോ അല്ലെന്നും നിങ്ങൾ ഉറപ്പുനൽകുന്നു. ഈ ഉറപ്പ് നിങ്ങൾ ലംഘിക്കുകയാണെങ്കിൽ, ഫെമ പ്രകാരമുള്ള ശിക്ഷാനടപടികൾക്ക് നിങ്ങൾ ബാധ്യസ്ഥനായിരിക്കുമെന്ന് ഇതിനാൽ സമ്മതിക്കുന്നു. കൂടാതെ, ഒരു പ്രത്യേക സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും ബാങ്ക് വഴി, നിങ്ങളുടെ എൻആർഒ അക്കൗണ്ടിലെ ബാലൻസിൽ നിന്ന് ഇന്ത്യക്ക് പുറത്തേക്ക് അയച്ച തുക, എൻആർഒ അക്കൗണ്ടിൽ നിന്ന് എൻആർഇ അക്കൗണ്ടിലേക്ക് മാറ്റിയ തുക, ക്രെഡിറ്റ് കാർഡ് ബിൽ പേയ്മെന്റ് , മറ്റ് അഭ്യർത്ഥനകൾ വഴി കൈമാറേണ്ട തുക എന്നിവയുടെ ആകെ തുക 1,000,000 യുഎസ് ഡോളറിൽ (പത്ത് ലക്ഷം യുഎസ് ഡോളർ) അല്ലെങ്കിൽ അതിന് തുല്യമായ മറ്റ് കറൻസികളിൽ കവിയില്ലെന്ന് നിങ്ങൾ സ്ഥിരീകരിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു.

11. എൻആർഒ അക്കൗണ്ടിൽ നിന്ന് തുക ഈടാക്കിക്കൊണ്ട് ക്രെഡിറ്റ് കാർഡ് ബിൽ സെറ്റിൽമെന്റിനായി ഉപയോഗിക്കുന്ന ഫണ്ടുകൾക്ക്, ബാധകമായ നികുതി നിയമങ്ങൾ (സിബിഡിടി നിയമങ്ങൾ ഉൾപ്പെടെ) അനുസരിച്ച് ഇന്ത്യയിൽ നികുതി വിധേയമായ വരുമാനത്തിന്മേൽ കൃത്യമായി നികുതി അടച്ചിട്ടുണ്ടെന്നും കാർഡ് ഉടമയും എൻആർഒ അക്കൗണ്ട് ഉടമയും ഒരാൾ തന്നെയാണെന്നും നിങ്ങൾ ഇതിനാൽ സ്ഥിരീകരിക്കുന്നു.

**ഓട്ടോ ഡെബിറ്റ് സൗകര്യം / എൻഎസിഎച്ച് / ഇ എൻഎസിഎച്ച് മാൻഡേറ്റ് മുഖേനയുള്ള പേയ്മെന്റുകൾ**

ഓരോ ബില്ലിംഗ് സൈക്കിളുകൾക്കുമായി ബാങ്ക് നൽകുന്ന അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം അടയ്ക്കേണ്ട തുകയ്ക്കായി, ബാങ്ക്-ലോ മറ്റ് ബാങ്കുകളിലോ ഉള്ള നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് നേരിട്ട് പണമീടാക്കാൻ (ഡെബിറ്റ് ചെയ്യാൻ), ഭാരതത്തിലെ റിസർവ് ബാങ്ക് അവതരിപ്പിച്ച എൻഎസിഎച്ച് മാൻഡേറ്റ് അല്ലെങ്കിൽ ഇ-എൻഎസിഎച്ച് മാൻഡേറ്റ് പോലുള്ള പേയ്മെന്റ് മാൻഡേറ്റുകൾ വഴി നിങ്ങൾക്ക് ബാങ്കിനെ അധികാരപ്പെടുത്താവുന്നതാണ്. നിങ്ങൾ ഇ-എൻഎസിഎച്ച് സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ, അതിനായി നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ നിങ്ങൾ പാലിക്കേണ്ടതും അതിന് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും പ്രത്യേകം അംഗീകരിക്കേണ്ടതുമാണ്. കുടിശ്ശികയുള്ള കാർഡ്

പേയ്മെന്റുകൾ നടത്തുന്നതിന് കാർഡ് മെമ്പറിന് ഓട്ടോ ഡെബിറ്റ് സൗകര്യവും പ്രയോജനപ്പെടുത്താവുന്നതാണ്. ഓട്ടോ ഡെബിറ്റ് സൗകര്യം പ്രയോജനപ്പെടുത്തുമ്പോൾ, ബാങ്കിൽ ഉള്ള കാർഡ് മെമ്പറിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് (ഇതിന്റെ വിശദാംശങ്ങൾ ബാങ്കിന് നൽകേണ്ടതാണ്), കാർഡ് മെമ്പറിന് അയച്ച അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് ഡ്യൂ ഡേറ്റ്-ൽ, മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അടയ്ക്കേണ്ട ആകെ കുടിശ്ശിക തുക ഈടാക്കുന്നതാണ്. എൻ.എ.സി.എച്ച് മാൻഡേറ്റ് ഉപയോഗിച്ചാണ് പേയ്മെന്റുകൾ നടത്തുന്നതെങ്കിൽ, പേയ്മെന്റ് ഡ്യൂ ഡേറ്റ്-ൽ കാർഡ് പ്രകാരമുള്ള ആകെ കുടിശ്ശിക തുകയ്ക്കായി എൻ.എ.സി.എച്ച് മാൻഡേറ്റ്/ ഇ-എൻഎസിഎച്ച് സമർപ്പിക്കേണ്ടതാണ്. എന്നിരുന്നാലും, പേയ്മെന്റ് ഡ്യൂ ഡേറ്റ് ഒരു പ്രവൃത്തിദിവസമല്ലാത്ത തീയതിയിലാണെങ്കിൽ, ബാങ്ക് അക്കൗണ്ടിന്റെ ഓട്ടോ-ഡെബിറ്റ് അല്ലെങ്കിൽ എൻഎസിഎച്ച്/ ഇ-എൻ.എ.സി.എച്ച് മാൻഡേറ്റ് സമർപ്പിക്കൽ തൊട്ടുമുമ്പത്തെ പ്രവൃത്തിദിവസം ചെയ്യുന്നതായിരിക്കും. പേയ്മെന്റ് ഡ്യൂ ഡേറ്റ്-ൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ മതിയായ ഫണ്ട് ഇല്ലാത്ത പക്ഷം, കാർഡ് കുടിശ്ശികയ്ക്ക് പുറമെ, കാലതാമസം കാരണം ബാധകമായ എല്ലാ ചാർജുകളും നൽകാൻ കാർഡ് മെമ്പർ ബാധ്യസ്ഥനായിരിക്കും. ഓട്ടോ ഡെബിറ്റ്/ എൻ.എ.സി.എച്ച്/ ഇ-എൻ.എ.സി.എച്ച് സൗകര്യം പ്രയോജനപ്പെടുത്തുന്നതിനായി കാർഡ് മെമ്പർ, ബാങ്കിന് സമർപ്പിച്ച എല്ലാ വിവരങ്ങളും കൃത്യവും പൂർണ്ണവുമാണെന്ന് കാർഡ് മെമ്പർ സമ്മതിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. നൽകിയിട്ടുള്ള ഏതെങ്കിലും വിവരങ്ങൾ അപൂർണ്ണമോ തെറ്റോ ആയതിനാലോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ ഇ-എൻ.എ.സി.എച്ച് സേവനങ്ങൾ/ ഓട്ടോ ഡെബിറ്റ് ഇടപാടുകൾ വൈകുകയോ നടപ്പിലാക്കാതിരിക്കുകയോ ചെയ്താൽ ബാങ്ക് ഉത്തരവാദിയായിരിക്കില്ല. ബാങ്കിന് അനുകൂലമായി നൽകിയിട്ടുള്ള ഇ-എൻഎസിഎച്ച് / എൻഎസിഎച്ച് മാൻഡേറ്റ് രജിസ്ട്രേഷൻ / ഡെബിറ്റ് നിർദ്ദേശങ്ങളെക്കുറിച്ച് കാർഡ് മെമ്പറിന്റെ ബാങ്കിനെ അറിയിക്കാമെന്നും ബാങ്കിന്റെ മുൻകൂർ രേഖാമൂലമുള്ള സമ്മതമില്ലാതെ പ്രസ്തുത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യില്ലെന്നും കാർഡ് മെമ്പർ കൂടുതൽ സമ്മതിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നു. ബാങ്കിന്റെ മുൻകൂർ രേഖാമൂലമുള്ള സമ്മതമില്ലാതെ അത്തരം നിർദ്ദേശങ്ങൾ പിൻവലിക്കാനോ റദ്ദാക്കാനോ കഴിയില്ല. സെറ്റ്-ഓഫ് ചെയ്യാനുള്ള ബാങ്കിന്റെ അവകാശം വിനിയോഗിക്കുന്നതിലൂടെ, ഓട്ടോ റിക്കവറി പ്രക്രിയയുടെ ഭാഗമായി ബാങ്കിൽ ഉള്ള കാർഡ് മെമ്പറിന്റെ ഏതെങ്കിലും പ്രവർത്തനക്ഷമമായ അക്കൗണ്ടുകളിൽ നിന്ന് കുടിശ്ശിക ഈടാക്കാമെന്ന് കാർഡ് മെമ്പർ ഇതിനാൽ സമ്മതിക്കുകയും അനുമതി നൽകുകയും ചെയ്യുന്നു.

**ഫിനാൻസ് ചാർജുകൾ**

1. ഇടപാടുകൾ നടത്തുന്ന തീയതി മുതൽ അവ പൂർണ്ണമായും അടച്ചുതീർക്കുന്നത് വരെ ഈ ചാർജുകൾ ബാധകമായിരിക്കും.
2. ക്യാഷ് അഡ്വാൻസുകൾക്കും മറ്റ് ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ നിന്നുള്ള ബാലൻസ് ട്രാൻസ്ഫറുകൾക്കും, പണമോ പണത്തിന് തുല്യമായതോ പിൻവലിച്ച തീയതി മുതലോ അത്തരം ബാലൻസ് ട്രാൻസ്ഫറിനായി ബാങ്കേഴ്സ് ചെക്ക് ഇഷ്യൂ

ചെയ്ത തീയതി മുതലോ ഉടനടി ഫിനാൻസ് ചാർജുകൾ ഈടാക്കുന്നതാണ്. എന്നാൽ പർച്ചേസുകളെ സംബന്ധിച്ചിടത്തോളം, പേയ്മെന്റ് ഡ്യൂ ഡേറ്റ് അടയ്ക്കേണ്ട ആകെ കുടിശ്ശിക അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം പൂർണ്ണമായി അടയ്ക്കാതിരിക്കുകയും അത് മുൻപത്തെ ബില്ലിംഗ് സൈക്കി ളിൽ നിന്ന് അടുത്ത ബില്ലിംഗ് സൈക്കിളിലേക്ക് മാറ്റുകയും ചെയ്താൽ മാത്രമേ ഫിനാൻസ് ചാർജുകൾ ഈടാക്കുകയുള്ളൂ.

3. ഫിനാൻസ് ചാർജുകൾ നൽകേണ്ടതുണ്ടെങ്കിൽ, അവ ഓരോ ബില്ലിംഗ് സൈക്കിളിന്റെയും അവസാന തീയതിയിൽ നിങ്ങളുടെ കാർഡ് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യുകയും നിങ്ങളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തുകയും ചെയ്യും.

4. ബാങ്ക് നിശ്ചയിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ബാങ്ക് ഭേദഗതി വരുത്തി നിങ്ങളെ അറിയിക്കുന്നതുമായ നിരക്കിൽ, നിങ്ങളുടെ ആകെ കുടിശ്ശികയിൽ അടുത്ത മാസത്തേക്ക് മാറ്റിവെച്ച തുകയ്ക്ക് നിങ്ങൾ ഫിനാൻസ് ചാർജുകൾ നൽകേണ്ടതുണ്ട്.

5. ബാലൻസ് ട്രാൻസ്ഫർ സൗകര്യം പോലുള്ള ചില സേവനങ്ങൾക്ക് ഫിനാൻസ് ചാർജുകളുടെ നിരക്കിൽ മാറ്റമുണ്ടാകാം, കൂടാതെ ബാങ്ക് കാലാകാലങ്ങളിൽ പ്രസ്തുത നിരക്ക് വ്യക്തമാക്കുന്നതുമാണ്.

6. മുകളിൽ സൂചിപ്പിച്ച ഫിനാൻസ് ചാർജുകൾ, ഈ ടി ആൻഡ് സി അവസാനിപ്പിച്ച ശേഷമോ അല്ലെങ്കിൽ കാർഡ് അക്കൗണ്ടിലെ കുടിശ്ശിക പൂർണ്ണമായും അടച്ചുതീർക്കുന്നത് വരെ കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്ത ശേഷമോ തുടർന്നും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

7. നിങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട്, ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ ഏത് സമയത്തും അതിന്റെ എല്ലാ അല്ലെങ്കിൽ ചില സേവനങ്ങൾക്കുമുള്ള ഫിനാൻസ് ചാർജുകളിൽ മാറ്റം വരുത്താവുന്നതാണ്.

**വിദേശ രാജ്യങ്ങളിൽ നടത്തുന്ന ഇടപാടുകൾക്കുള്ള നിരക്കുകൾ**

തനിക്ക് അനുവദിച്ച ക്രെഡിറ്റ് കാർഡ് വിദേശത്തോ ഇന്ത്യയ്ക്ക് പുറത്തോ ഉപയോഗിക്കുന്നത് ഫെമ, ആർബിഐ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതും ഭേദഗതി ചെയ്യുന്നതുമായ മറ്റ് പ്രസക്തമായ എക്സ്ചേഞ്ച് കൺട്രോൾ റെഗുലേഷനുകൾ എന്നിവയ്ക്ക് കർശനമായി വിധേയമായിരിക്കുമെന്ന് കാർഡ് മെമ്പർ പ്രഖ്യാപിക്കുന്നു. ആർബിഐയുടെ എക്സ്ചേഞ്ച് കൺട്രോൾ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തനിക്ക് അർഹതപ്പെട്ട പരിധി കാർഡ് മെമ്പർ ലംഘിക്കുകയാണെങ്കിൽ, കാർഡ് മെമ്പർ ആ വിവരം ഉടൻ തന്നെ ബാങ്കിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആർബിഐ നിർദ്ദേശിച്ച പ്രകാരം ഇത്തരം ചാർജുകൾക്കായി പാസ്പോർട്ടിൽ എൻഡോഴ്സ്മെന്റ് ആവശ്യമാണെങ്കിൽ, അത് ചെയ്യേണ്ട ഉത്തരവാദിത്തം പൂർണ്ണമായും കാർഡ് മെമ്പർ-നായിരിക്കും. ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള വിദേശ വിനിമയ നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ

പാലിക്കുന്നതിൽ കാർഡ് മെമ്പർ പരാജയപ്പെട്ടാൽ, കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട്, 1999 പ്രകാരമുള്ള നടപടികൾക്ക് അദ്ദേഹം ബാധ്യസ്ഥനായിരിക്കും, കൂടാതെ ബാങ്കിന്റെ നിർദ്ദേശപ്രകാരമോ ആർബിഐ വഴിയോ കാർഡ് സൗകര്യത്തിൽ നിന്ന് അദ്ദേഹത്തെ വിലക്കുന്നതും തുടർന്ന് കാർഡ് റദ്ദാക്കുന്നതുമായിരിക്കും. ആർബിഐ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായ വിദേശ വിനിമയ പരിധി കവിഞ്ഞതിനാൽ ഒരു ചാർജ് നിരസിക്കപ്പെടുന്നത് വഴി നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന നഷ്ടങ്ങൾക്കോ നാശനഷ്ടങ്ങൾക്കോ ബാങ്ക് ഉത്തരവാദിയായിരിക്കില്ല. ഇന്ത്യൻ രൂപയിലല്ലാതെ മറ്റ് കറൻസികളിലാണ് ഇടപാട് നടത്തുന്നതെങ്കിൽ, ആ ഇടപാട് ഇന്ത്യൻ രൂപയിലേക്ക് മാറ്റുന്നതാണ്. ഇടപാട് ബാങ്ക്-മായി സെറ്റിൽ ചെയ്യുന്ന തീയതിയിലായിരിക്കും ഈ മാറ്റം നടക്കുക, ഇത് ഇടപാട് നടന്ന അതേ തീയതി ആയിരിക്കണമെന്നില്ല. യുഎസ് ഡോളർ അല്ലാത്ത വിദേശ കറൻസികളിലാണ് ഇടപാട് നടത്തുന്നതെങ്കിൽ, ആദ്യം ഈ തുക യുഎസ് ഡോളറിലേക്കും തുടർന്ന് പ്രസക്തമായ യുഎസ് ഡോളർ തുക ഇന്ത്യൻ രൂപയിലേക്കും മാറ്റും. സെറ്റിൽമെന്റ് തീയതിയിൽ കാർഡ് നെറ്റ്‌വർക്ക് നൽകുന്ന ഫോറെക്സ് നിരക്കിലായിരിക്കും ഇത് നടക്കുക, ഇതിനായി ഒരു ഫോറെക്സ് മാർക്കപ്പ് ഫീസും ഈടാക്കാവുന്നതാണ്.

**മറ്റ് ഫീസുകൾ/ചാർജുകൾ**

ബാങ്ക് ഈടാക്കുന്നതോ ബാങ്കിന് ഉണ്ടായതോ ആയ പുതുക്കൽ നിരക്കുകൾ, മാറ്റിനൽകൽ നിരക്കുകൾ, ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവയ്ക്കുള്ള നിരക്കുകൾ, ക്യാഷ് അഡ്വാൻസിനുള്ള ട്രാൻസാക്ഷൻ ഫീ, ഔട്ട്സ്റ്റേഷൻ ഫീസിനുള്ള കളക്ഷൻ ചാർജുകൾ, നിയമപരമായ ചിലവുകൾ, മറ്റ് ഫീസുകൾ/ചാർജുകൾ എന്നിവ ഉൾപ്പെടെയുള്ള (എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടാത്ത) എല്ലാ ചിലവുകളും നൽകാൻ നിങ്ങൾ സമ്മതിക്കുന്നു.

**വൈകിയുള്ള പേയ്മെന്റ് ഫീ**

പ്രതിമാസ സ്റ്റേറ്റ്മെന്റിൽ കാണിച്ചിരിക്കുന്ന മിനിമം എമൗണ്ട് ഡ്യൂ, പേയ്മെന്റ് ഡ്യൂ ഡേറ്റ്-നകം അടയ്ക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുന്ന പക്ഷം, ചാർജുകളുടെ പട്ടികയിൽ (ഷെഡ്യൂൾ ഓഫ് ചാർജസ്) സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഒരു വൈകിയ പേയ്മെന്റ് ഫീസ് കാർഡ് അക്കൗണ്ടിൽ ഈടാക്കുന്നതാണ്. ബാങ്കിന്റെ വിവേചനാധികാരത്തിനനുസരിച്ച് ഈ ഫീസിൽ മാറ്റം വരാവുന്നതാണ്, കൂടാതെ ഇത് ഈടാക്കുന്നതിന് 30 (മുപ്പത്) ദിവസം മുമ്പ് നിങ്ങളെ അറിയിക്കുന്നതുമാണ്. കാർഡിന് ബാധകമായ എല്ലാ ചാർജുകളും വെബ്സൈറ്റ് ആപ്ലിക്കേഷനിലും പ്രദർശിപ്പിക്കുന്നതാണ്.

**ജിഎസ്ടി**

നിശ്ചിത ഫീസുകൾ, ഫിനാൻസ് ചാർജുകൾ, ലേറ്റ് പേയ്മെന്റ് ചാർജുകൾ, മറ്റ് ഫീസുകൾ/ചാർജുകൾ തുടങ്ങിയവയ്ക്ക് കാലാകാലങ്ങളിൽ ബാധകമായേക്കാവുന്ന സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ജിഎസ്ടി നൽകാൻ നിങ്ങൾ സമ്മതിക്കുന്നു.

**പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ / മൊബൈൽ പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ**

എൻപിഎ ആയി തരംതിരിക്കപ്പെടും. അതുപോലെ, നിങ്ങളുടെ പേരിലുള്ള മറ്റ് സൗകര്യങ്ങൾ എൻപിഎ ആയി തരംതിരിക്കപ്പെട്ടാൽ, കാർഡ് അക്കൗണ്ടും എൻപിഎ ആയി തരംതിരിക്കപ്പെടും. അത്തരം സന്ദർഭങ്ങളിൽ, അത്തരം എല്ലാ അക്കൗണ്ടുകളിലെയും കുടിശ്ശിക നിങ്ങൾ പൂർണ്ണമായും അടച്ചുതീർക്കുന്നത് വരെ (അതായത്, എല്ലാ അക്കൗണ്ടുകളിലെയും കുടിശ്ശിക പൂജ്യം ആയിരിക്കണം), കാർഡ് അക്കൗണ്ട്/മറ്റ് സൗകര്യങ്ങൾ സ്റ്റാൻഡേർഡ് അസറ്റ് ആയി ഉയർത്തപ്പെടുകയില്ല. തരംതിരിക്കലിലെ ഈ പരസ്പരബന്ധം ഭാവിയിൽ ക്രെഡിറ്റ് ഉൽപ്പന്നങ്ങൾക്കും സൗകര്യങ്ങൾക്കുമുള്ള നിങ്ങളുടെ യോഗ്യതയെ ദോഷകരമായി ബാധിച്ചേക്കാം എന്ന് നിങ്ങൾ സമ്മതിക്കുന്നു.

7. നിങ്ങൾ ഒരു സഹ-വായ്പക്കാരനോ, സഹ-ബാധ്യസ്ഥനോ അല്ലെങ്കിൽ ഗ്യാരന്ററോ ആയിട്ടുള്ള ക്രെഡിറ്റ് കാർഡുകൾ, വായ്പകൾ അല്ലെങ്കിൽ മറ്റ് സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ബാങ്കിംഗ് ഉൽപ്പന്നം കഴിഞ്ഞ ആറ് (6) മാസത്തിനുള്ളിൽ ഒരു നിഷ്ക്രിയ ആസ്തി (എൻപിഎ) ആയി തരംതിരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, ക്രെഡിറ്റ് കാർഡ്-മായി ബന്ധപ്പെട്ട പ്രൊമോഷണൽ ഓഫറുകൾക്ക് നിങ്ങൾ അർഹനായിരിക്കില്ലെന്ന് നിങ്ങൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

**ലംഘനവും റദ്ദാക്കലും/പിൻവലിക്കലും**

1. ലംഘനം: ഏതെങ്കിലും കാർഡ് മെമ്പർ ഈ നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുന്ന സാഹചര്യത്തിൽ; ഈ നിബന്ധനകളിലെയും വ്യവസ്ഥകളിലെയും മറ്റ് വ്യവസ്ഥകൾ എന്തുതന്നെയായാലും (i) അത്തരം ലംഘനത്തിന്റെ ഫലമായി നേരിട്ടോ അല്ലാതെയോ ഉണ്ടാകുന്ന ഏതൊരു നഷ്ടത്തിനും കാർഡ് മെമ്പർ ഉത്തരവാദിയായിരിക്കും; കൂടാതെ (ii) ബാങ്ക് ആവശ്യപ്പെടുന്ന പക്ഷം, കാർഡ് മെമ്പർ ബാങ്കിന് നൽകാനുള്ള കുടിശ്ശിക തുക മുഴുവനും, അത് ആവശ്യപ്പെടുന്ന തീയതിയിൽ ബാങ്കിന് നൽകേണ്ടതാണെങ്കിലും അല്ലെങ്കിലും, ബാങ്കിന് നൽകാൻ കാർഡ് മെമ്പർ ബാധ്യസ്ഥനായിരിക്കും.
2. അവസാനിപ്പിക്കൽ / പിൻവലിക്കൽ: ഉപഭോക്താവിന് ഫെഡ്നെറ്റ് /ഫെഡ്മൊബൈൽ വഴിയോ, ബ്രാഞ്ചുകളിൽ രേഖാമൂലമുള്ള അപേക്ഷ നൽകിയോ, കോൺടാക്റ്റ് സെന്റർ വഴിയുള്ള വാക്കാലുള്ള സ്ഥിരീകരണത്തിലൂടെയോ അല്ലെങ്കിൽ ഇ-മെയിൽ വഴിയോ കാർഡ് ക്ലോസ് ചെയ്യുന്നതിനുള്ള അഭ്യർത്ഥന നൽകാവുന്നതാണ്. ഇതിനായുള്ള ഇ-മെയിൽ ഐഡി ccsalessupport@federal.bank.in ആണ്.
3. ഹോളോഗ്രാമും മാഗ്നറ്റിക് സ്ട്രൈപ്പും മുറിച്ചുമാറ്റിയെന്ന് ഉറപ്പുവരുത്തിക്കൊണ്ട് കാർഡിന്റെ മുകളിൽ വലതുവശത്തുള്ള കോണിൽ മുറിച്ചുമാറ്റി അത് ബാങ്കിന് ലഭിക്കുന്നത് വരെ മേൽപ്പറഞ്ഞ നോട്ടീസ് പ്രാബല്യത്തിൽ വരുന്നതല്ല. മേൽപ്പറഞ്ഞതൊഴികെ, കാർഡ് അക്കൗണ്ടോ ഏതെങ്കിലും കാർഡോ റദ്ദാക്കാൻ കഴിയില്ല.

4. കാർഡ് നശിപ്പിച്ചുവെന്ന് കാർഡ് മെമ്പർ അവകാശപ്പെട്ടതിന് ശേഷവും, എന്നാൽ ബാങ്കിന് കാർഡ് തിരികെ ലഭിക്കാത്ത സാഹചര്യത്തിലും കാർഡിൽ എന്തെങ്കിലും ചാർജുകൾ ഈടാക്കുകയാണെങ്കിൽ, അതിന് കാർഡ് മെമ്പർ പൂർണ്ണ ഉത്തരവാദിയായിരിക്കും. കാർഡ് നശിപ്പിച്ച വിവരം ബാങ്കിനെ അറിയിച്ചിട്ടുണ്ടോ എന്നതോ, ഈ ചാർജുകൾ കാർഡ് ദുരുപയോഗം ചെയ്തതിന്റെ ഫലമാണോ എന്നതോ പരിഗണിക്കാതെ തന്നെ ഈ ബാധ്യത ബാധകമായിരിക്കും.

5. ബാങ്കിന് ഏതുസമയത്തും, മുൻകൂർ അറിയിപ്പോടു കൂടിയോ അല്ലാതെയോ അതിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ കാർഡ് അക്കൗണ്ട്, കാർഡ് എന്നിവ റദ്ദാക്കാവുന്നതാണ്. കാർഡ് മെമ്പറിന് ബാങ്കിൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായ രണ്ടോ അതിലധികമോ കാർഡ് അക്കൗണ്ട്-കൾ ഉണ്ടെങ്കിൽ, അതിൽ ഏതെങ്കിലും ഒരു കാർഡ് അക്കൗണ്ടിലെ കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ആ കുടിശ്ശിക കാർഡ് മെമ്പർ തീർപ്പാക്കുന്നത് വരെ, ബാങ്കിന്റെ എല്ലാ ക്രെഡിറ്റ് കാർഡ് അക്കൗണ്ട്-കൾക്ക് കീഴിലും കാർഡ് മെമ്പറിന് ലഭ്യമാക്കിയിട്ടുള്ള ക്രെഡിറ്റ് പരിധി തടയാനും അത്തരം എല്ലാ കാർഡ് അക്കൗണ്ട്-കൾക്കും കീഴിൽ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ പിൻവലിക്കാനും ബാങ്കിന് അധികാരമുണ്ടെന്ന് കാർഡ് മെമ്പർ വ്യക്തമായി സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ബാങ്ക് മുൻകൂട്ടിയോ അധികമായോ അറിയിപ്പ് നൽകേണ്ടതില്ലെന്നും കാർഡ് മെമ്പർ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

6. കാർഡ് അക്കൗണ്ട് റദ്ദാക്കുന്ന സാഹചര്യത്തിൽ, ബാങ്കും കാർഡ് മെമ്പറും തമ്മിലുള്ള മുൻകാല കരാറുകൾ എന്തുതന്നെയായാലും: (A) സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ളതോ അല്ലാത്തതോ ആയ കുടിശ്ശികയുള്ള ആകെ ചാർജുകളും, (B) റദ്ദാക്കലിന് ശേഷം ഉണ്ടായ ഏതെങ്കിലും വോളന്ററി ചാർജുകളും (ബന്ധപ്പെട്ട ഇടപാട് നിർദ്ദേശ തീയതി മുതൽ പ്രാബല്യത്തിൽ വരുന്നത്), സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയത് പോലെ തന്നെ കാർഡ് മെമ്പർ ഉടൻ അടച്ചുതീർക്കാൻ ബാധ്യസ്ഥനായിരിക്കും. കൂടാതെ, അത്തരം ചാർജുകൾ ഈടാക്കിയ തീയതി മുതൽ കാലാകാലങ്ങളിൽ ബാധകമായ പലിശയും ഇതിന്മേൽ ഈടാക്കുന്നതാണ്.

7. മുൻകൂട്ടി അറിയിക്കുകയോ കാരണം വ്യക്തമാക്കുകയോ ചെയ്യാതെ തന്നെ ഏതു സമയത്തും കാർഡിന്റെ ആനുകൂല്യങ്ങൾ താൽക്കാലികമായോ സ്ഥിരമായോ പിൻവലിക്കാനും കൂടാതെ/അല്ലെങ്കിൽ കാർഡ് റദ്ദാക്കാനുമുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്. ആനുകൂല്യങ്ങൾ താൽക്കാലികമായി പിൻവലിക്കുന്ന സാഹചര്യത്തിൽ, ബാങ്കിന്റെ വിവേചനാധികാരത്തിന് വിധേയമായി അവ പുനഃസ്ഥാപിക്കാവുന്നതാണ്. ആനുകൂല്യങ്ങൾ സ്ഥിരമായി പിൻവലിക്കുന്ന സാഹചര്യത്തിൽ, കാർഡ് മെമ്പറിന് അംഗത്വം സ്ഥിരമായി നിഷേധിക്കാൻ ബാങ്കിന് അവകാശമുണ്ട്. എന്നാൽ, ആനുകൂല്യങ്ങൾ പിൻവലിക്കുന്നത് (താൽക്കാലികമായാലും സ്ഥിരമായാലും) കാർഡുമായി ബന്ധപ്പെട്ട എല്ലാ

ആനുകൂല്യങ്ങളും സേവനങ്ങളും സ്വയമേവ റദ്ദാക്കപ്പെടുന്നതിന് കാരണമാകുമെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. ഇത്തരത്തിൽ താൽക്കാലികമായോ സ്ഥിരമായോ ആനുകൂല്യങ്ങൾ പിൻവലിക്കുന്ന സാഹചര്യത്തിൽ, ബാങ്ക് പ്രത്യേകം നിർദ്ദേശിക്കാത്ത പക്ഷം, ആനുകൂല്യങ്ങൾ പിൻവലിക്കുന്നതിന് മുമ്പ് കാർഡ് ഉപയോഗിച്ച് നടത്തിയ എല്ലാ ഇടപാടുകൾക്കും അതിന്മേലുള്ള മറ്റ് ബാധകമായ ചാർജുകൾക്കും കാർഡ് മെമ്പർ പൂർണ്ണ ഉത്തരവാദിയായിരിക്കും. കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള കാലാവധി പരിഗണിക്കാതെ തന്നെ ഏതു സമയത്തും കാർഡ് പിൻവലിക്കാനും കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യാനും സാധിക്കുന്നതാണ്. ആവശ്യപ്പെടുന്ന പക്ഷം, കാർഡ് മെമ്പർ കാർഡ് ബാങ്ക്-നോ അല്ലെങ്കിൽ അവരുടെ പ്രതിനിധിക്കോ തിരികെ നൽകേണ്ടതാണ്. ആനുകൂല്യങ്ങൾ പിൻവലിച്ചതായി അറിയിപ്പ് ലഭിച്ചതിന് ശേഷവും കാർഡ് ഉപയോഗിക്കുന്നത് വഞ്ചനാപരമായ നടപടിയായി കണക്കാക്കുകയും കാർഡ് മെമ്പർ നിയമനടപടികൾ നേരിടേണ്ടി വരികയും ചെയ്യും.

**അറിയിപ്പുകൾ**

ഈ നിബന്ധനകളും വ്യവസ്ഥകളും പ്രകാരമുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ എല്ലാ അറിയിപ്പുകളും അല്ലെങ്കിൽ മറ്റ് ആശയവിനിമയങ്ങളും, കാർഡ് മെമ്പർ-ൽ നിന്ന് ലഭിക്കാനുള്ള എല്ലാ തുകകളും ഉൾപ്പെടെ, ദ ഫെഡറൽ ബാങ്ക് ലിമിറ്റഡ്, പറക്കൽ ടവേഴ്സ്, പറവൂർ ജംഗ്ഷൻ, തോട്ടയ്ക്കാട്ടുകര, ആലുവ, എറണാകുളം, എറണാകുളം, കേരളം, 683 102, ഇന്ത്യ എന്ന വിലാസത്തിൽ രേഖാമൂലം നൽകേണ്ടതാണ്, കൂടാതെ മറ്റ് വിധത്തിൽ പ്രസ്താവിച്ചിട്ടില്ലെങ്കിൽ കത്ത് മുഖേനയും നൽകാവുന്നതാണ്. അത്തരം ഏതൊരു അറിയിപ്പും അല്ലെങ്കിൽ മറ്റ് ആശയവിനിമയവും ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കും: (i) കത്ത് മുഖേന അയച്ചതാണെങ്കിൽ, അത് നേരിട്ട് കൈമാറുമ്പോൾ അല്ലെങ്കിൽ തപാൽ വഴി അയക്കുകയും കത്ത് തിരികെ വിളിക്കുന്നത് അയക്കുന്നയാളുടെ നിയന്ത്രണത്തിന് പുറത്താവുകയും ചെയ്യുമ്പോൾ; കൂടാതെ (ii) ഫാക്സ് മുഖേന അയച്ചതാണെങ്കിൽ, അത് അയക്കുമ്പോൾ (ശരിയായ ഫാക്സ് നമ്പറിലേക്ക് അയച്ചു എന്ന സ്ഥിരീകരണം ലഭിക്കുമ്പോൾ). എന്നിരുന്നാലും, ബാങ്ക് യഥാർത്ഥത്തിൽ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യാത്ത പക്ഷം ഒരു അറിയിപ്പും അല്ലെങ്കിൽ ആശയവിനിമയവും പ്രാബല്യമുള്ളതായി അംഗീകരിക്കില്ല. അറിയിപ്പുകൾ അല്ലെങ്കിൽ ആശയവിനിമയങ്ങൾ ഇനിപ്പറയുന്നവയിലേക്ക് അയക്കാവുന്നതാണ്: (i) രേഖപ്പെടുത്തിയിട്ടുള്ള കാർഡ് മെമ്പറിന്റെ  വിലാസത്തിലേക്കോ ഫാക്സ് നമ്പറിലേക്കോ

ബാങ്കിന്റെ റെക്കോർഡുകളിൽ ഉള്ളതും അറിയിപ്പുകൾ / ആശയവിനിമയങ്ങൾ അയയ്ക്കേണ്ടതുമായ (ഇതിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം

അപേക്ഷാ ഫോം), കൂടാതെ (ii) ബാങ്കിന്റെ സോണൽ / റീജിയണൽ / ബ്രാഞ്ച് / ഓഫീസ് വിലാസം അല്ലെങ്കിൽ ഫാക്സിമിലി നമ്പർ (അപേക്ഷാ ഫോമിൽ വ്യക്തമാക്കിയിട്ടുള്ളത് പോലെ), അല്ലെങ്കിൽ കാർഡ് മെമ്പറും ബാങ്കും പരസ്പരം രേഖാമൂലം നിശ്ചയിച്ചിട്ടുള്ള മറ്റ്

വിലാസത്തിലേക്കോ ഫാക്സിമിലി നമ്പറിലേക്കോ അയക്കാവുന്നതാണ്. കാർഡ് മെമ്പർ തന്റെ ബന്ധപ്പെടാനുള്ള വിലാസത്തിലോ വിവരങ്ങളിലോ ഉള്ള മാറ്റങ്ങൾ ബാങ്കിനെ രേഖാമൂലം അറിയിക്കുന്നതിൽ പരാജയപ്പെട്ടാൽ, അപേക്ഷാ ഫോമിൽ നൽകിയിട്ടുള്ളതോ അല്ലെങ്കിൽ കാർഡ് മെമ്പർ അവസാനമായി നൽകിയതോ ആയ വിലാസത്തിലേക്ക് അയക്കുന്ന നോട്ടീസ്/ കത്തിടപാടുകൾ, അത്തരം നോട്ടീസ് ബാങ്കിലേക്ക് "unserved" മടക്കി അയച്ചാലും ഇല്ലെങ്കിലും, കാർഡ് മെമ്പറിന് ലഭിച്ച കൃത്യവും മതിയായതുമായ സേവനമായി കണക്കാക്കപ്പെടും. കാർഡ് മെമ്പർ താമസിക്കുന്നതോ ജോലി ചെയ്യുന്നതോ ആയ പ്രദേശത്ത് ലഭ്യമായ പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന നോട്ടീസ്, അത് പ്രസിദ്ധീകരിച്ച തീയതി മുതൽ കാർഡ് മെമ്പർ-നുള്ള മതിയായ നോട്ടീസായി കണക്കാക്കും; എന്നിരുന്നാലും, പത്രത്തിൽ വരുന്ന നോട്ടീസ് ബാങ്ക് അംഗീകരിക്കുന്നത് വരെ ബാങ്കിന് ബാധകമായിരിക്കില്ല.

**മാസ്റ്റർകാർഡ് വേൾഡ് വൈഡ്/ വിസ ഇന്റർനാഷണൽ/ രൂപേ എന്നിവ നൽകുന്ന സേവനങ്ങൾ**

1. കാർഡ് ഏത് നെറ്റ്‌വർക്കുമായിട്ടാണോ ബന്ധിപ്പിച്ചിരിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി വിസ ഇന്റർനാഷണൽ/മാസ്റ്റർകാർഡ് വേൾഡ് വൈഡ്/രൂപേ എന്നിവ നിങ്ങൾക്ക് ചില അടിയന്തര സേവനങ്ങൾ നൽകുന്നുണ്ട്. ഇത്തരം സേവനങ്ങൾ വിസ/മാസ്റ്റർകാർഡ്/രൂപേ എന്നിവ മൂന്നാം കക്ഷി ഏജന്റുകൾ വഴിയാണ് നൽകുന്നത്. വിസ ഇന്റർനാഷണൽ/മാസ്റ്റർകാർഡ് വേൾഡ് വൈഡ്/രൂപേ എന്നിവ നേരിട്ടോ അവ മുഖേനയോ നൽകുന്ന ഇത്തരം അടിയന്തര സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് ഉണ്ടാകുന്ന ചിലവുകൾക്ക് നിങ്ങൾ ഉത്തരവാദിയായിരിക്കും.

2. വിസ ഇന്റർനാഷണൽ / മാസ്റ്റർകാർഡ് വേൾഡ് വൈഡ് / രൂപേ എന്നിവയിലൂടെയോ അവ മുഖേനയോ സാധ്യമായ ഏറ്റവും മികച്ച രീതിയിൽ സഹായം നൽകുന്നു.

3. വിസ ഇന്റർനാഷണൽ / മാസ്റ്റർകാർഡ് വേൾഡ് വൈഡ് / രൂപേ എന്നിവ മുഖേനയോ അവ വഴിയോ നൽകുന്ന സേവനങ്ങളുടെ ക്രമീകരണത്തിനോ ഉപയോഗത്തിനോ ഇന്ത്യയിലോ ലോകത്തെവിടെയുമുള്ള ബാങ്ക് ഉത്തരവാദിത്തം സ്വീകരിക്കുന്നതല്ല.

**വെളിപ്പെടുത്തൽ**

ബാങ്ക് ആർബിഐ അംഗീകരിച്ച ക്രെഡിറ്റ് ബ്യൂറോകളുമായി സഹകരിക്കുകയും നിങ്ങളുടെ നിലവിലെ ബാലൻസ്, പേയ്മെന്റ് ഹിസ്റ്ററി, ഡെമോഗ്രാഫിക് വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ക്രെഡിറ്റ് വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യും. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് (റെഗുലേഷൻ) ആക്ട്, 2005 പ്രകാരമാണ് ഇത്തരം വിവരങ്ങൾ നൽകുന്നത്. ക്രെഡിറ്റ് നൽകണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ക്രെഡിറ്റ് ബ്യൂറോകൾ യാതൊരു അഭിപ്രായമോ സൂചനയോ കമന്റോ നൽകുന്നില്ല. കുടിശ്ശികകൾ കൃത്യസമയത്ത് അടച്ചുതീർത്ത് നല്ലൊരു ക്രെഡിറ്റ് ഹിസ്റ്ററി നിലനിർത്തുന്നത് നിങ്ങളുടെ താൽപര്യത്തിന് ഉചിതമാണ്. ക്രെഡിറ്റ് ബ്യൂറോകൾ ഉള്ളതിനാൽ, ഉത്തരവാദിത്തമുള്ള ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് നൽകുന്നവരിൽ നിന്ന് മികച്ച നിബന്ധനകളിൽ വേഗത്തിലുള്ളതും കൂടുതൽ

മത്സരാധിഷ്ഠിതവുമായ സേവനങ്ങൾ പ്രതീക്ഷിക്കാം. ഉപഭോക്താക്കളുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൾ ക്രെഡിറ്റ് ബ്യൂറോകളിൽ ലഭ്യമാകും, ഇത് ഭാവിയിലെ ക്രെഡിറ്റ് ആവശ്യങ്ങൾക്കായുള്ള നിങ്ങളുടെ ക്രെഡിറ്റ് യോഗ്യതയെ ബാധിക്കും. ബാങ്ക് പ്രതിമാസമോ അല്ലെങ്കിൽ ബാങ്ക്-ഉം ക്രെഡിറ്റ് ബ്യൂറോകളും തമ്മിൽ ധാരണയിലായ മറ്റ് കാലയളവിലോ ഉപഭോക്തൃ വിവരങ്ങൾ ക്രെഡിറ്റ് ബ്യൂറോകൾക്ക് റിപ്പോർട്ട് ചെയ്യും. ബാങ്കിനെ അറിയിച്ചിട്ടുള്ള ഏതെങ്കിലും ബില്ലിംഗ് തർക്കമുണ്ടായാൽ, തർക്കം പരിഹരിക്കപ്പെടുന്നതുവരെ ബാങ്ക് ക്രെഡിറ്റ് ബ്യൂറോകൾക്ക് റിപ്പോർട്ട് ചെയ്യുന്നത് നിർത്തിവെക്കും. കാർഡ് മെമ്പർ/ആഡ്-ഓൺ കാർഡ് മെമ്പർ(s) എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും, കാർഡ് ഉടമ തന്റെ ബാധ്യതകൾ നിറവേറ്റുന്നതിൽ വരുത്തിയ ഏതെങ്കിലും വീഴ്ചയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടെ, ബാങ്ക് കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ ഏതെങ്കിലും ക്രെഡിറ്റ് ബ്യൂറോകളുമായി, ഉചിതവും ആവശ്യവുമാണെന്ന് ബാങ്ക് കരുതുന്ന രീതിയിൽ പങ്കുവെക്കാൻ ബാങ്കിന് അധികാരമുണ്ടെന്ന് കാർഡ് മെമ്പർ അംഗീകരിക്കുന്നു. അതനുസരിച്ച്, അത്തരം ക്രെഡിറ്റ് ബ്യൂറോകൾക്ക് വിവരങ്ങൾ വെളിപ്പെടുത്തുന്നതിന് കാർഡ് ഉടമ സമ്മതം നൽകുകയും ആഡ്-ഓൺ കാർഡ് മെമ്പർ(s)-ൽ നിന്ന് സമ്മതം വാങ്ങിയിട്ടുണ്ടെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു. അത്തരം സ്ഥാപനങ്ങൾ ബാങ്കുകൾ/സാമ്പത്തിക സ്ഥാപനങ്ങൾ, മറ്റ് ക്രെഡിറ്റ് ദാതാക്കൾ എന്നിവരുടെ പ്രോസസ്സ് ചെയ്ത വിവരങ്ങളോ ഡാറ്റയോ ഉൽപ്പന്നങ്ങളോ ലഭ്യമാക്കിയേക്കാം. ക്രെഡിറ്റ് ബ്യൂറോകളിൽ ക്രെഡിറ്റ് ബ്യൂറോകൾ, ക്രെഡിറ്റ് റഫറൻസ് ഏജൻസികൾ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ അല്ലെങ്കിൽ വായ്പയെടുക്കുന്നവരുമായി ബന്ധപ്പെട്ട ക്രെഡിറ്റ് വിവരങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ആർബിഐ രൂപീകരിച്ചതും അംഗീകരിച്ചതുമായ മറ്റേതെങ്കിലും സ്ഥാപനങ്ങൾ ഉൾപ്പെടുന്നു.

1. ക്രെഡിറ്റ് വെരിഫിക്കേഷൻ അല്ലെങ്കിൽ റഫറൻസ് പരിശോധനകൾ, കാർഡ് ഓൺ-ബോർഡിംഗ്, ഇഷ്യൂ ചെയ്യൽ, ബാങ്കിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി, നിങ്ങളുമായോ ഈ ടി ആൻഡ് സി-മായോ ബന്ധപ്പെട്ട എല്ലാ/ഏതെങ്കിലും വിവരങ്ങളും/രേഖകളും കൂടാതെ/അല്ലെങ്കിൽ മറ്റ് ബാങ്കുകൾ, ക്രെഡിറ്റ് ബ്യൂറോകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് മൂന്നാം കക്ഷികൾ എന്നിവയുമായുള്ള മറ്റേതെങ്കിലും കരാർ/ടി ആൻഡ് സി എന്നിവ വെളിപ്പെടുത്താൻ നിങ്ങൾ ഇതിനാൽ ബാങ്കിനെ വ്യക്തമായി അധികാരപ്പെടുത്തുന്നു.

2. ആവശ്യമായ കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ പരിശോധിക്കുന്നതിനുമായി നിങ്ങളുടെ തൊഴിലുടമയെയോ ബാങ്കറെയോ മറ്റ് സ്രോതസ്സുകളെയോ ബന്ധപ്പെടാൻ നിങ്ങൾ ഇതിനാൽ ബാങ്കിനെയോ അതിന്റെ പ്രതിനിധികളെയോ അധികാരപ്പെടുത്തുന്നു.

3. ആവശ്യപ്പെടുന്ന പക്ഷം, ഇത്തരം വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ), ആദായനികുതി അധികാരികൾ, ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ അല്ലെങ്കിൽ മറ്റ് സർക്കാർ അല്ലെങ്കിൽ നിയന്ത്രണ

അധികാരികൾ/ബോഡികൾ/വകുപ്പുകൾ എന്നിവർക്ക് വെളിപ്പെടുത്താൻ നിങ്ങൾ ബാങ്കിനെ ഇതിനാൽ അധികാരപ്പെടുത്തുന്നു. ഈ നിബന്ധനകളും വ്യവസ്ഥകളും (ടി ആൻഡ് സി) പാലിക്കുന്നതിലോ പേയ്മെന്റിലോ നിങ്ങൾ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ക്രെഡിറ്റ് ബ്യൂറോ/ഏജൻസികൾ, ഡാറ്റാ ബാങ്കുകൾ, കളക്ഷൻ ഏജൻസി പോലുള്ള മൂന്നാം കക്ഷികൾ എന്നിവരുൾപ്പെടെയുള്ള മേൽപ്പറഞ്ഞ അധികാരികളുമായി നിങ്ങളുടെ പേര് പരിശോധിക്കാനും പങ്കിടാനും കൂടാതെ/അല്ലെങ്കിൽ വെളിപ്പെടുത്താനും നിങ്ങൾ ബാങ്കിനെ വീണ്ടും അധികാരപ്പെടുത്തുന്നു.

4. നിങ്ങളുടെ പാൻ കാർഡ് നമ്പർ ഉൾപ്പെടെയുള്ള ഏറ്റവും പുതിയ വ്യക്തിഗത തിരിച്ചറിയൽ വിവരങ്ങൾ "പിഐഐ"), സെർസായ്/സിബിൽ പോലുള്ള വിശ്വസനീയമായ/അംഗീകൃത വിവര ബ്യൂറോകളിൽ നിന്നോ അത്തരം കമ്പനികളിൽ നിന്നോ നിരന്തരമായി അന്വേഷിച്ച് കണ്ടെത്തുന്നതിനും, നിങ്ങളുടെ പിഐഐ വിവരങ്ങൾ കാലികമായി നിലനിർത്തുന്നതിനായി ബാങ്കിന്റെ രേഖകളിൽ കൂടുതൽ അനുമതി കൂടാതെ തന്നെ അവ പുതുക്കുന്നതിനും നിങ്ങൾ ഇതിനാൽ ബാങ്കിനെ അധികാരപ്പെടുത്തുകയും സമ്മതം നൽകുകയും ചെയ്യുന്നു. ഇത് ബാങ്കിന് അനുയോജ്യമായ സേവനങ്ങളും സൗകര്യങ്ങളും നൽകാൻ സഹായകമാകും.

5. ക്രെഡിറ്റ് കാർഡ് അക്കൗണ്ട് തുറക്കുന്നതിനുള്ള ഫോമിൽ നൽകിയിട്ടുള്ള വിവരങ്ങൾ, ക്രോസ് സെല്ലിംഗ് ആവശ്യങ്ങൾക്കായും, സേവനങ്ങളോ ഉൽപ്പന്നങ്ങളോ നൽകുന്നതുമായി ബന്ധപ്പെട്ട് ബാങ്ക് കരാറിൽ ഏർപ്പെട്ടിട്ടുള്ളതോ ഏർപ്പെടാൻ പോകുന്നതോ ആയ ഏതെങ്കിലും മാർക്കറ്റിംഗ് ഏജന്റുമാർക്കും കരാറുകാർക്കും വെളിപ്പെടുത്താൻ നിങ്ങൾ ബാങ്കിനെ ഇതിനാൽ അധികാരപ്പെടുത്തുന്നു. വിവിധ സാമ്പത്തിക ഉൽപ്പന്നങ്ങളുടെ ക്രോസ് സെല്ലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

6. നിർദ്ദേശിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം, അത്തരം എല്ലാ വിവരങ്ങളും രേഖകളും മറ്റും ഏതെങ്കിലും കോടതിക്കോ ട്രൈബ്യൂണലിനോ ആർബിട്രേറ്റർക്കോ വെളിപ്പെടുത്താൻ ബാങ്കിന് അവകാശമുണ്ടെന്ന് നിങ്ങൾ ഇതിനാൽ സമ്മതിക്കുന്നു.

7. നിങ്ങളുടെയോ നിങ്ങളുടെ കുടുംബാംഗങ്ങളുടെയോ ക്രെഡിറ്റ് യോഗ്യതയെ സംബന്ധിച്ച പ്രതികൂല റിപ്പോർട്ടുകൾ ലഭിച്ചാൽ, ബാങ്ക് കാർഡ് റദ്ദാക്കിയേക്കാം. അങ്ങനെയുണ്ടായാൽ കാർഡ് അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികയും, കാർഡ് ഉപയോഗിച്ചതിലൂടെ ഉണ്ടായതും എന്നാൽ കാർഡ് അക്കൗണ്ടിലേക്ക് ഇതുവരെ ബിൽ ചെയ്യാത്തതുമായ മറ്റ് ചാർജുകളും നിങ്ങൾ ഉടൻ തന്നെ അടച്ചുതീർക്കേണ്ടതാണ്. നിങ്ങളെക്കുറിച്ചുള്ള ഇത്തരം വിവരങ്ങൾ നൽകിയ ബാങ്ക്, സ്ഥാപനം അല്ലെങ്കിൽ ബോഡി എന്നിവയുടെ പേര് വെളിപ്പെടുത്താൻ ബാങ്ക് ബാധ്യസ്ഥരല്ല.

8. മേൽപ്പറഞ്ഞ വിവരങ്ങളുമായി ബന്ധപ്പെട്ട സ്വകാര്യത, രഹസ്യാത്മകത, രഹസ്യസ്വഭാവം എന്നിവയ്ക്കുള്ള അവകാശം നിങ്ങൾ ഇതിനാൽ പ്രത്യേകം ഉപേക്ഷിക്കുന്നു.

**അസൈൻമെന്റ്/ സെക്യൂരിറ്റൈസേഷൻ**

ബാങ്ക് തീരുമാനിക്കുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കും ഇത് (വാങ്ങുന്നയാൾക്കോ, അസൈനിക്കോ അല്ലെങ്കിൽ കൈമാറ്റം ലഭിക്കുന്നയാൾക്കോ വേണ്ടി നിങ്ങൾക്കെതിരെ നടപടിയെടുക്കാനുള്ള ബാങ്കിന്റെ അവകാശം നിലനിർത്തുന്നത് ഉൾപ്പെടെ). അത്തരം അസൈൻമെന്റോ കൈമാറ്റമോ വഴി പ്രസ്തുത മൂന്നാം കക്ഷിയെ നിങ്ങളുടെ ഏക കടക്കാരനായോ അല്ലെങ്കിൽ ബാങ്കിനൊപ്പമുള്ള സംയുക്ത കടക്കാരനായോ അംഗീകരിക്കാൻ നിങ്ങൾ ബാധ്യസ്ഥനാണ്. എന്നാൽ അത്തരം മൂന്നാം കക്ഷിക്ക് വേണ്ടി ഈ കരാറിന് കീഴിലുള്ള എല്ലാ അധികാരങ്ങളും തുടർന്നും വിനിയോഗിക്കാനും, കുടിശ്ശിക തുകകൾ പ്രസ്തുത മൂന്നാം കക്ഷിക്ക് നൽകാനോ അല്ലെങ്കിൽ ബാങ്ക് തീരുമാനിക്കുന്നത് പോലെ അത് വിനിയോഗിക്കാനോ ഉള്ള അവകാശം ബാങ്കിന് ഉണ്ടായിരിക്കും. ബാങ്കിന്റെ അവകാശങ്ങൾ നടപ്പിലാക്കുന്നതിനും കുടിശ്ശിക തുകകൾ ഈടാക്കുന്നതിനും ബാങ്കിന് ഉണ്ടാകുന്ന ഏതൊരു ചിലവും നിങ്ങളുടെ അക്കൗണ്ടിൽ നിന്ന് ഈടാക്കുന്നതാണ്.

**മറ്റുള്ളവ:**

1. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ബാങ്കിനെ ബാധ്യതകളിൽ നിന്ന് ഒഴിവാക്കാൻ നിങ്ങൾ സമ്മതിക്കുന്നു. ഈ ടി ആൻഡ് സി പ്രകാരമുള്ള നിങ്ങളുടെ ബാധ്യതകൾ, കാർഡ് അക്കൗണ്ടിലെ കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കുന്നത് വരെ അവസാനിക്കുന്നതല്ല.

2. ഈ ടി&സി പ്രകാരമുള്ള നിങ്ങളുടെ ബാധ്യതകൾ കാർഡ് അക്കൗണ്ടിലെ കുടിശ്ശിക പൂർണ്ണമായും തീർപ്പാക്കുന്നത് വരെ ഒഴിവാക്കപ്പെടുന്നതല്ല.

3. കാർഡ് അക്കൗണ്ടിലെ ആകെ കുടിശ്ശിക തുകയും, ഒപ്പം കാർഡ് അഅക്കൗണ്ടിൽ ഇതുവരെഈടാക്കിയിട്ടില്ലാത്ത മറ്റ് ചാർജുകളും, ഒരു കാർഡ് മെമ്പർ കോർപ്പറേറ്റ് ബോഡി പാപ്പരാകുകയോ, കടക്കെണിയിലാകുകയോ, പിരിച്ചുവിടപ്പെടുകയോ അല്ലെങ്കിൽ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമാകുകയോ ചെയ്യുമ്പോഴോ, അല്ലെങ്കിൽ പ്രൈമറി കാർഡ് മെമ്പർ മരണപ്പെടുകയോ ചെയ്യുമ്പോൾ ബാങ്കിലേക്ക് ഉടനടി പൂർണ്ണമായും തിരിച്ചടയ്ക്കേണ്ടതാണ്. കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തീർക്കുന്നതിന് പ്രൈമറി കാർഡ് മെമ്പറിന്റെ സ്വത്തുക്കൾ ബാധ്യസ്ഥമായിരിക്കും. കൂടാതെ, ഇത്തരം കുടിശ്ശികകൾ ഈടാക്കുന്നതിനായി വരുന്ന നിയമപരമായ ഫീസുകളും ചെലവുകളും ഉൾപ്പെടെയുള്ള എല്ലാ തുകകളിൽ നിന്നും ബാങ്കിന് നഷ്ടപരിഹാര സംരക്ഷണം നൽകേണ്ടതുമാണ്. തിരിച്ചടവ് പൂർത്തിയാകുന്നത് വരെ, നിലവിലുള്ള നിരക്കിൽ ഫിനാൻസ് ചാർജുകൾ ഈടാക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും.

4. ഏതെങ്കിലും സർക്കാർ/നിയന്ത്രണ ഏജൻസികളുടെ നിർദ്ദേശപ്രകാരം കാർഡ് അക്കൗണ്ട് സസ്പെൻഡ് ചെയ്യപ്പെടാൻ ബാധ്യസ്ഥമാണ്. സർക്കാർ/നിയന്ത്രണ ഏജൻസികളുടെ നിർദ്ദേശപ്രകാരം കാർഡിലെ കുടിശ്ശിക തുക മുഴുവൻ ഉടനടി അടയ്ക്കേണ്ടതാണെന്ന് കണക്കാക്കപ്പെടും. കുടിശ്ശിക തുക ഉടനടി അടയ്ക്കാനുള്ള നിങ്ങളുടെ ബാധ്യത നിലനിൽക്കെത്തന്നെ, നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ഈ തുക ഈടാക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും.

5. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്താനോ പുതിയവ കൂട്ടിച്ചേർക്കാനോ ബാങ്കിന് എപ്പോൾ വേണമെങ്കിലും അവകാശമുണ്ടായിരിക്കും. ഇത്തരം മാറ്റങ്ങൾ എസ്എംഎസ് വഴിയോ ഇമെയിൽ വഴിയോ നിങ്ങളെ രേഖാമൂലം അറിയിക്കുന്നതാണ്. ഏതെങ്കിലും ഭേദഗതി പ്രാബല്യത്തിൽ വരുന്ന തീയതിക്ക് മുമ്പായി കാർഡ് അക്കൗണ്ടിലെ കുടിശ്ശിക മുഴുവൻ തീർപ്പാക്കുകയും കാർഡ് റദ്ദാക്കുന്നതിനായി ബാങ്ക്-ലേക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ രണ്ടായി മുറിക്കുകയോ ചെയ്തില്ലെങ്കിൽ, അത്തരം ഭേദഗതികൾ പാലിക്കാൻ നിങ്ങൾ ബാധ്യസ്ഥനായിരിക്കും.

6. ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും കീഴിൽ നിങ്ങൾക്ക് ലഭ്യമായ ഏതെങ്കിലും പുതിയ സൗകര്യങ്ങളോ ഫീച്ചറുകളോ ചേർക്കാനോ നിലവിലുള്ളവ പിൻവലിക്കാനോ ഉള്ള പൂർണ്ണ അധികാരം ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

7. അച്ചടിക്കുന്ന സമയത്ത് പ്രസിദ്ധീകരിച്ച എല്ലാ വിവരങ്ങളും കൃത്യവും പൂർണ്ണവുമാണ്. അച്ചടിക്ക് ശേഷം സംഭവിക്കുന്ന മാറ്റങ്ങളുടെ ഉത്തരവാദിത്തം ബാങ്കിന് ഏറ്റെടുക്കാൻ കഴിയില്ല.

**സെറ്റ് ഓഫ് ചെയ്യാനുള്ള അവകാശം/ബാങ്കറുടെ ലീൻ**

ഏതെങ്കിലും കാരണവശാൽ ഈ ടി&സി/എംഐടിസി എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുടിശ്ശിക തുകകൾ അടയ്ക്കുന്നതിൽ നിങ്ങൾ താമസം വരുത്തുകയോ നിങ്ങളുടെ ക്രെഡിറ്റ് കാർഡ് കുടിശ്ശിക തീർപ്പാക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ, ബാങ്കിന് അതിന്റെ ജനറൽ ലീൻ കൂടാതെ/അല്ലെങ്കിൽ സെറ്റ് ഓഫ് ചെയ്യാനുള്ള അവകാശം വിനിയോഗിക്കാവുന്നതാണ്. ബാങ്കിന്റെ കൈവശമുള്ള ടേം ഡെപ്പോസിറ്റുകളിലോ ബാങ്കിന്റെ ഏതെങ്കിലും ശാഖകളിലെ മറ്റ് അക്കൗണ്ടുകളിലോ ഉള്ള തുകകൾ, വസ്തുവകകൾ, ആസ്തികൾ (ചലിക്കുന്നതും ചലിക്കാത്തതും), സെക്യൂരിറ്റികൾ, സ്റ്റോക്കുകൾ, ഓഹരികൾ, പണം എന്നിവയും പ്രൈമറി കാർഡ് മെമ്പർ, ആഡ്-ഓൺ കാർഡ് മെമ്പർ(s) എന്നിവരുടേതായി ബാങ്കിന്റെ കൈവശമുള്ളതോ കാലാകാലങ്ങളിൽ ബാങ്കിന്റെ കൈവശം വന്നേക്കാവുന്നതോ ആയ സമാനമായ മറ്റ് ആസ്തികളും (അവ ബാങ്കിന്റെ സുരക്ഷിതമായ കസ്റ്റഡിയിലാണോ അല്ലയോ എന്നത് പരിഗണിക്കാതെ തന്നെ) ഉപയോഗിച്ച് ഇത്തരം കുടിശ്ശികകൾ ക്രമീകരിക്കാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും.

**ഒഴിവാക്കൽ/സമ്മതം**

ഈ ടി & സി പ്രകാരമോ മറ്റ് ഏതെങ്കിലും കരാർ അല്ലെങ്കിൽ രേഖ പ്രകാരമോ നിങ്ങൾ വരുത്തുന്ന വീഴ്ചയെത്തുടർന്ന് ബാങ്കിന് ലഭിക്കുന്ന ഏതെങ്കിലും അവകാശം, അധികാരം അല്ലെങ്കിൽ പരിഹാരം എന്നിവ വിനിയോഗിക്കുന്നതിലെ കാലതാമസമോ വിട്ടുപോക്കുകളോ അത്തരം അവകാശത്തെയോ ആനുകൂല്യത്തെയോ അധികാരത്തെയോ പരിഹാരത്തെയോ തടസ്സപ്പെടുത്തുന്നതല്ല; കൂടാതെ അത് അത്തരം അവകാശങ്ങൾ ഉപേക്ഷിക്കുന്നതായോ അല്ലെങ്കിൽ അത്തരം വീഴ്ചകൾ അംഗീകരിക്കുന്നതായോ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല. ഏതെങ്കിലും വീഴ്ചയുമായി ബന്ധപ്പെട്ട ബാങ്കിന്റെ നടപടികളോ നടപടിയില്ലായ്മയോ അല്ലെങ്കിൽ അത്തരം വീഴ്ചകളിലെ ബാങ്കിന്റെ സമ്മതമോ, തുടർന്നുള്ളതോ സമാനമായതോ ആയ ഏതെങ്കിലും വീഴ്ചയുമായി ബന്ധപ്പെട്ട ബാങ്കിന്റെ അവകാശത്തെയോ അധികാരത്തെയോ പരിഹാരത്തെയോ ബാധിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നതല്ല.

**ആർബിട്രേഷൻ ക്ലോസ്**

1. ഈ കരാറിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന എല്ലാ തർക്കങ്ങളും, അഭിപ്രായവ്യത്യാസങ്ങളും കൂടാതെ/അല്ലെങ്കിൽ ക്ലെയിമുകളും അല്ലെങ്കിൽ ചോദ്യങ്ങളും, അല്ലെങ്കിൽ ഇതിന്റെ വ്യാഖ്യാനം, അർത്ഥം അല്ലെങ്കിൽ പ്രഭാവം എന്നിവയെക്കുറിച്ചോ അല്ലെങ്കിൽ ഇതിന് കീഴിലുള്ള കക്ഷികളുടെ അവകാശങ്ങൾ, ബാധ്യതകൾ, ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ചോ ഉള്ള കാര്യങ്ങൾ ആർബിട്രേഷൻ ആൻഡ് കൺസീലിയേഷൻ ആക്ട്, 1996 അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നിയമപരമായ ഭേദഗതികൾ പ്രകാരം ഒരു ഏക ആർബിട്രേറ്റർക്കോ അല്ലെങ്കിൽ ഒരു ആർബിട്രൽ സ്ഥാപനത്തിനോ അല്ലെങ്കിൽ ഓൺലൈൻ തർക്ക പരിഹാര ('ഒഡിആർ') സൗകര്യം നൽകുന്ന ഒരു സ്ഥാപനത്തിനോ/പ്ലാറ്റ്ഫോമിനോ റഫർ ചെയ്യുകയും ആർബിട്രേഷനിലൂടെ പരിഹരിക്കുകയും ചെയ്യേണ്ടതാണ്. ആർബിട്രേഷൻ നടപടികൾ ആക്ടിന്റെ സെക്ഷൻ 29ബി-യിൽ വിഭാവനം ചെയ്തിട്ടുള്ള ഫാസ്റ്റ് ട്രാക്ക് നടപടിക്രമങ്ങൾ പ്രകാരം നടത്തപ്പെടും. ഏക ആർബിട്രേറ്റർ/ആർബിട്രൽ ട്രൈബ്യൂണൽ നൽകുന്ന വിധി കാർഡ് ഉടമയ്ക്ക്/ഉടമകൾക്ക് അന്തിമവും ബാധകവുമായിരിക്കും.

2. ഒരു തർക്കം ഉണ്ടായാൽ, ആർബിട്രേഷൻ ക്ലോസ് പ്രയോഗിച്ചുകൊണ്ടും ആർബിട്രേറ്ററായി പ്രവർത്തിക്കാൻ താൻ നിർദ്ദേശിക്കുന്ന വ്യക്തിയുടെ പേരും വിവരങ്ങളും നൽകിക്കൊണ്ടും അല്ലെങ്കിൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ഒരു ആർബിട്രൽ സ്ഥാപനമോ ഒഡിആർ സൗകര്യം നൽകുന്ന സ്ഥാപനമോ/പ്ലാറ്റ്ഫോമോ വഴി തർക്കം പരിഹരിക്കാൻ നിർദ്ദേശിച്ചുകൊണ്ടും പരാതിയുള്ള കക്ഷി മറുഭാഗത്തിന് നോട്ടീസ് നൽകേണ്ടതാണ്. പരാതിയുള്ള കക്ഷിയുടെ നിർദ്ദേശത്തോട് മറുഭാഗം യോജിക്കുന്നില്ലെങ്കിൽ, നോട്ടീസ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മറുഭാഗം അത് രേഖാമൂലം പരാതിയുള്ള കക്ഷിയെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം, മറുഭാഗം പരാതിയുള്ള കക്ഷിയുടെ

നിർദ്ദേശം അംഗീകരിച്ചതായി കണക്കാക്കുകയും പരാതിയുള്ള കക്ഷി നിർദ്ദേശിച്ച വ്യക്തിയെ ആർബിട്രേറ്ററായി നിയമിക്കുകയോ അല്ലെങ്കിൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ആർബിട്രൽ സ്ഥാപനമോ ഒഡിആർ സൗകര്യം നൽകുന്ന സ്ഥാപനമോ/പ്ലാറ്റ്ഫോമോ വഴി തർക്കം ആർബിട്രേഷന് വിടുകയോ ചെയ്യുന്നതാണ്.

3. ആർബിട്രേഷൻ ആവശ്യങ്ങൾക്കായി “തർക്കം” (dispute) എന്ന പദത്തിൽ, വായ്പ/ക്രെഡിറ്റ് സൗകര്യം യഥാസമയം തിരിച്ചടയ്ക്കുന്നതിൽ കടം വാങ്ങുന്നയാൾ വരുത്തുന്ന വീഴ്ചയും, ഈ ടി&സി അല്ലെങ്കിൽ സാങ്ഷൻ ലെറ്ററിലെ ഏതെങ്കിലും നിബന്ധനകളുടെ ലംഘനവും ഉൾപ്പെടുന്നു. അത്തരം സാഹചര്യങ്ങളിൽ ബാങ്ക് പരാതിക്കാരായ കക്ഷിയായിരിക്കും.

4. മേൽപ്പറഞ്ഞ പ്രകാരം കക്ഷികൾ നിയമിച്ച ആർബിട്രേറ്റർ മരണപ്പെടുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ചുമതല നിർവഹിക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ, ഈ ക്ലോസിൽ വ്യക്തമാക്കിയിട്ടുള്ള അതേ രീതിയിൽ കക്ഷികൾ മറ്റൊരു വ്യക്തിയെ ആർബിട്രേറ്ററായി നിയമിക്കേണ്ടതാണ്. അങ്ങനെ നിയമിക്കപ്പെടുന്ന ആർബിട്രേറ്റർക്ക് തന്റെ മുൻഗാമി ഏത് ഘട്ടത്തിലാണോ നടപടികൾ നിർത്തിവെച്ചത്, അവിടെ നിന്ന് തുടർനടപടികളുമായി മുന്നോട്ട് പോകാൻ അർഹതയുണ്ടായിരിക്കും.

5. ആർബിട്രേഷൻ നടപടികളുടെ വേദി താഴെയുള്ള ക്ലോസിൽ നൽകിയിരിക്കുന്ന അതത് സ്ഥലങ്ങളിലായിരിക്കും. ആർബിട്രേഷൻ നടപടികൾ ഇംഗ്ലീഷ് ഭാഷയിൽ നടത്തേണ്ടതാണ്. ഈ ആർബിട്രേഷന്റെ ഭാഗമായി ഏതെങ്കിലും കോടതിയിൽ ആരംഭിക്കേണ്ട നടപടികൾ ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന അധികാരപരിധിയുള്ള കോടതികളിൽ മാത്രമേ ഫയൽ ചെയ്യാനും നടത്താനും പാടുള്ളൂ.

6. കടം വാങ്ങുന്നയാൾ (കടം വാങ്ങുന്നവർ) നൽകിയതോ അവർക്ക് വേണ്ടിയോ നൽകിയിട്ടുള്ള ഏതൊരു സെക്യൂരിറ്റികളിലും അവാർഡ് പാസാക്കാൻ ഏക ആർബിട്രേറ്റർക്ക്/ആർബിട്രൽ ട്രൈബ്യൂണലിന് അർഹതയുണ്ടായിരിക്കും. തർക്കം പരിഹരിക്കുന്നത് വരെ, കടം വാങ്ങുന്നയാളുടെയും (കടം വാങ്ങുന്നവർ) ബാങ്കിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉചിതമായ ഏതൊരു ഇടക്കാല ഉത്തരവും പാസാക്കാൻ ഏക ആർബിട്രേറ്റർക്ക്/ആർബിട്രൽ ട്രൈബ്യൂണലിന് കൂടുതൽ അധികാരമുണ്ട്.

7. മേൽപ്പറഞ്ഞവയിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും, ഈ ആർബിട്രേഷൻ ക്ലോസിലെ യാതൊന്നും റിക്കവറി ഓഫ് ഡെറ്റ്സ് ആൻഡ് ബാങ്ക്റപ്സി ആക്ട്, 1993 പ്രകാരം സ്ഥാപിതമായ ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണലിന്റെ സാമ്പത്തിക അധികാരപരിധിയിൽ വരുന്ന തർക്കങ്ങൾക്കോ ക്ലെയിമുകൾക്കോ ബാധകമാകുന്നതല്ല;

ആർബിട്രേഷൻ വേദി താഴെ പറയുന്ന പ്രകാരം ആയിരിക്കും:

| ഇല്ല | ഉപഭോക്താവ് താമസിക്കുന്ന സംസ്ഥാനം / ആശയവിനിമയത്തിനുള്ള വിലാസം | ആർബിട്രേഷൻ സ്ഥലം |
|---|---|---|
| 1 | കേരള സംസ്ഥാനത്ത് വിലാസമുള്ള ഉപഭോക്താവ് | എറണാകുളം |
| 2 | തമിഴ്നാട് സംസ്ഥാനത്ത് വിലാസമുള്ള ഉപഭോക്താവ് | ചെന്നൈ |
| 3 | കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ വിലാസമുള്ള ഉപഭോക്താവ്. | ബാംഗ്ലൂർ |
| 5 | മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, ദാമൻ & ദിയു, ദാദ്ര & നഗർ ഹവേലി എന്നീ സംസ്ഥാനങ്ങളിൽ വിലാസമുള്ള ഉപഭോക്താവ്. | മുംബൈ |
| 6 | പശ്ചിമ ബംഗാൾ, ഒഡീഷ, അസം, നാഗാലാൻഡ്, മേഘാലയ, ജാർഖണ്ഡ്, ബിഹാർ, ഛത്തീസ്ഗഡ്, ത്രിപുര, മിസോറം എന്നീ സംസ്ഥാനങ്ങളിൽ വിലാസമുള്ള ഉപഭോക്താവ്. | കൊൽക്കത്ത |
| 7 | പഞ്ചാബ്, ഉത്തർപ്രദേശ്, രാജസ്ഥാൻ, ഹരിയാന, ഡൽഹി, ജമ്മു & കശ്മീർ, ചണ്ഡീഗഡ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ വിലാസമുള്ള ഉപഭോക്താവ്. | ന്യൂഡൽഹി |

**അധികാരപരിധിയും ബാധകമായ നിയമവും**

ആർബിട്രേഷൻ (മധ്യസ്ഥത) വ്യവസ്ഥകൾ പൂർത്തിയാക്കിയ ശേഷം, കക്ഷികൾ തമ്മിലുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക അധികാരം എറണാകുളത്തെ കോടതികൾക്കായിരിക്കുമെന്ന് കക്ഷികൾ തമ്മിൽ സമ്മതിച്ചിരിക്കുന്നു. എന്നിരുന്നാലും, ആർബിട്രേഷൻ തിരഞ്ഞെടുക്കുന്നതിന് മുൻപായി, നിയമപ്രകാരം ലഭ്യമായ മറ്റ് പരിഹാരങ്ങൾ തേടുന്നതിൽ നിന്ന് കക്ഷികളെ തടയുന്നില്ല. ഈ ടി&സി (നിബന്ധനകളും വ്യവസ്ഥകളും) ഇന്ത്യയിലെ നിയമങ്ങൾക്കനുസൃതമായിരിക്കും.

**റഫറൻസുകൾ**

ഏതെങ്കിലും ലിംഗഭേദത്തെക്കുറിച്ചുള്ള പരാമർശത്തിൽ എല്ലാ ലിംഗഭേദങ്ങളും ഉൾപ്പെടും, കൂടാതെ ഏകവചനത്തെക്കുറിച്ചുള്ള പരാമർശത്തിൽ ബഹുവചനവും തിരിച്ചും ഉൾപ്പെടും.

**അംഗീകാരം**

1. എല്ലാ ക്ലോസുകളും ഉൾപ്പെടുന്ന മുഴുവൻ ടി&സി-യും നിങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ടെന്നും ഇതിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കാൻ നിങ്ങൾ സമ്മതിക്കുന്നുവെന്നും ഇതിനാൽ ഉറപ്പുനൽകുന്നു.

2. ക്രെഡിറ്റ് കാർഡ്-നെ സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും മറ്റ് രേഖകളും നിങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വിശദീകരിച്ചിട്ടുണ്ടെന്നും വിവിധ ക്ലോസുകളുടെ പൂർണ്ണമായ അർത്ഥം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നും നിങ്ങൾ സമ്മതിക്കുന്നു.

3. കാർഡ് ഉപയോഗിക്കുന്നത് ടി ആൻഡ് സി, എംഐടിസി എന്നിവയിലും ക്രെഡിറ്റ് കാർഡുകൾ-മായി ബന്ധപ്പെട്ട മറ്റ് രേഖകളിലും പറഞ്ഞിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കുന്നതായി സൂചിപ്പിക്കുന്നു.

4. ജനറൽ കാർഡ് നിബന്ധനകൾ, എംഐടിസി, ബാങ്കിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഭേദഗതികൾ ഉൾപ്പെടെ ക്രെഡിറ്റ് കാർഡുകൾ-മായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കൃത്യമായി പരിശോധിക്കാൻ നിങ്ങൾ ബാധ്യസ്ഥനാണ്. ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നത് തുടരുന്നതിലൂടെ, അത്തരം ഭേദഗതി ചെയ്ത നിബന്ധനകൾ നിങ്ങൾ അംഗീകരിച്ചതായി കണക്കാക്കപ്പെടും.

## <u>നിബന്ധനകളും വ്യവസ്ഥകളും – ഫെഡറൽ റുപേ വേവ് ക്രെഡിറ്റ് കാർഡ്</u>

1. ഫെഡറൽ ബാങ്ക് വേവ് ക്രെഡിറ്റ് കാർഡ് ("ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്") എന്നത് കാർഡ് ഉടമയുടെ പേരിൽ നിലവിലുള്ള പ്രൈമറി ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡിന് ("പ്രൈമറി ക്രെഡിറ്റ് കാർഡ്") കീഴിൽ അനുവദിച്ചിട്ടുള്ള ക്രെഡിറ്റ് പരിധി ഉപയോഗിക്കുന്നതിനായി ബാങ്ക് നൽകുന്നതും രൂപേ കാർഡ് പേയ്മെന്റ് നെറ്റ്‌വർക്കുമായി ബന്ധിപ്പിച്ചിട്ടുള്ളതുമായ ഒരു അധിക ക്രെഡിറ്റ് കാർഡ് ആണ്. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നത് പ്രൈമറി ക്രെഡിറ്റ് കാർഡിന് അനുബന്ധമായിട്ടുള്ളതാണ്, കൂടാതെ ഇതിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രൈമറി ക്രെഡിറ്റ് കാർഡ് അക്കൗണ്ടിനായി നിശ്ചയിച്ചിട്ടുള്ള ക്രെഡിറ്റ് പരിധിക്കുള്ളിൽ തടസ്സമില്ലാത്ത ഇടപാടുകൾ (യുപിഐ പേയ്മെന്റുകൾ ഉൾപ്പെടെ) നടത്താൻ ഇത് പ്രാപ്തമാക്കുന്നു.

2. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് പ്രൈമറി ക്രെഡിറ്റ് കാർഡ്-മായി ബന്ധിപ്പിക്കും, കൂടാതെ വേവ് ക്രെഡിറ്റ് കാർഡ്, പ്രൈമറി ക്രെഡിറ്റ് കാർഡ് എന്നിവയ്ക്ക് ഒരേ ക്രെഡിറ്റ് ലിമിറ്റ് ആയിരിക്കും ഉണ്ടായിരിക്കുക. പ്രൈമറി ക്രെഡിറ്റ് കാർഡിന് ബാധകമായ ക്രെഡിറ്റ് ലിമിറ്റ് ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡുമായും പങ്കിടുന്നതാണ്. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിനെയും പ്രൈമറി ക്രെഡിറ്റ് കാർഡ്-നെയും ഇതിനുശേഷം മൊത്തമായി "ക്രെഡിറ്റ് കാർഡ്" എന്ന് വിളിക്കും.

3. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിക്കുന്നത് ഫെഡറൽ ബാങ്കിന്റെ ആഭ്യന്തര നയങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കർശനമായി വിധേയമായിരിക്കും.

4. പ്രൈമറി ക്രെഡിറ്റ് കാർഡ് ആയി വിസ അല്ലെങ്കിൽ മാസ്റ്റർകാർഡ് കൈവശമുള്ള കാർഡ് ഉടമകൾക്ക് മാത്രമേ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡുകൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രൈമറി ക്രെഡിറ്റ് കാർഡ് ആയി രൂപേ വേരിയന്റ് കാർഡുകൾ നൽകിയിട്ടുള്ള കാർഡ് ഉടമകൾക്ക് ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് ലഭിക്കാൻ അർഹതയുണ്ടായിരിക്കില്ല.

5. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്, അപേക്ഷിക്കുന്ന സമയത്ത് ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ഓപ്ഷൻ അനുസരിച്ചും ഫെഡറൽ ബാങ്ക് ഈ കാര്യത്തിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും കാർഡ് ഉടമകൾക്ക് വെർച്വൽ രൂപത്തിലും ഫിസിക്കൽ രൂപത്തിലും നൽകുന്നതാണ്. കാർഡ് ഉടമ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് വെർച്വൽ രൂപത്തിലാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ, ഒരു സാഹചര്യത്തിലും പിന്നീട് ഫിസിക്കൽ രൂപത്തിലുള്ള ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിന്  അർഹത ഉണ്ടായിരിക്കുന്നതല്ല. നേരെമറിച്ച്, ഫെഡറൽ വേവ് കാർഡ് ഫിസിക്കൽ രൂപത്തിൽ തിരഞ്ഞെടുക്കുന്ന കാർഡ് ഉടമയ്ക്ക് ഫെഡറൽ ബാങ്കിന്റെ  മൊബൈൽ ബാങ്കിംഗ് പ്ലാറ്റ്ഫോമായ ഫെഡ്മൊബൈൽ-ൽ വെർച്വൽ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് കാണാനുള്ള ഓപ്ഷൻ നൽകുന്നതാണ്. ഫിസിക്കൽ കാർഡുകൾ നൽകുന്നതും അവ നിലനിർത്തുന്നതും ഫെഡറൽ ബാങ്കിന് നൽകേണ്ട ബാധകമായ ഫീസുകൾക്കും ചാർജുകൾക്കും വിധേയമായിരിക്കും.

6. കാർഡ് ഉടമകൾ സമർപ്പിക്കുന്ന ഓപ്ഷനുകൾക്ക് അനുസൃതമായും, ഫെഡറൽ ബാങ്ക് ഈ കാര്യത്തിൽ നിശ്ചയിച്ചേക്കാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും, വേവ് ക്രെഡിറ്റ് കാർഡുകൾ ഭൗതികമായോ വെർച്വൽ രൂപത്തിലോ നൽകുന്ന കാര്യത്തിൽ ബാങ്കിന്  മാത്രമായിരിക്കും പൂർണ്ണമായ വിവേചനാധികാരം ഉണ്ടായിരിക്കുക.

7. പ്രൈമറി ക്രെഡിറ്റ് കാർഡിന് പകരമായി കാർഡ് ഉടമ-ന് ഒരു ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിന്  മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. കാർഡ് ഉടമ-ന്റെ പേരിൽ മറ്റ് ഏതെങ്കിലും വേവ് ക്രെഡിറ്റ് കാർഡ് ഉള്ളതായി ഫെഡറൽ ബാങ്ക് കണ്ടെത്തുകയാണെങ്കിൽ, അത്തരം അധിക ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്, മുൻകൂട്ടി അറിയിക്കാതെ തന്നെ ഫെഡറൽ ബാങ്ക് റദ്ദാക്കുന്നതാണ്.

8. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്-മായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും വ്യവസ്ഥകളും/മറ്റ് ആശയവിനിമയങ്ങളും (കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നത് പോലെ) കാർഡ് ഉടമയുടെ രജിസ്റ്റർ ചെയ്ത ഇ-മെയിൽ വിലാസത്തിലേക്കോ/തപാൽ വിലാസത്തിലേക്കോ/മൊബൈൽ നമ്പറിലേക്കോ അയയ്ക്കുന്നതാണ്. ഇത് കാർഡ് ഉടമയ്ക്കുള്ള ഔദ്യോഗിക അറിയിപ്പായി കണക്കാക്കപ്പെടും.

9. എംഐടിസി, ടി ആൻഡ് സി, കെഎഫ്എസ് എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം, ബന്ധപ്പെട്ട പ്രൈമറി ക്രെഡിറ്റ് കാർഡിനും ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡുകൾ-നും കൂടി ഒരു പൊതുവായ ക്രെഡിറ്റ് ലിമിറ്റ് നിശ്ചയിക്കുന്നതാണ്. രണ്ട് ക്രെഡിറ്റ് കാർഡുകൾ-കൾക്കും കൂടി അനുവദനീയമായ ആകെ ക്രെഡിറ്റ് ലിമിറ്റ്, പ്രൈമറി ക്രെഡിറ്റ് കാർഡിന് നിശ്ചയിച്ചിട്ടുള്ള ക്രെഡിറ്റ് ലിമിറ്റിൽ കവിയാൻ പാടുള്ളതല്ല. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് ഇടപാട് പരിധി, പ്രൈമറി ക്രെഡിറ്റ് കാർഡ് ഉടമയുടെ അഭ്യർത്ഥനപ്രകാരം ബാങ്കിന്റെ പൂർണ്ണ വിവേചനാധികാരത്തിൽ നിശ്ചയിക്കുന്നതാണ്. ഇത് പ്രൈമറി ക്രെഡിറ്റ് കാർഡിന് അനുവദിച്ചിട്ടുള്ള പരമാവധി ക്രെഡിറ്റ് ലിമിറ്റ് വരെയാകാം.

10. ടേം ഡിപ്പോസിറ്റുകൾ വഴി സുരക്ഷിതമാക്കിയ കാർഡുകൾക്കായി, പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് എന്നീ രണ്ട് കാർഡുകൾക്കും അനുവദിച്ചിട്ടുള്ള തുകകൾക്കോ ക്രെഡിറ്റ് പരിധികൾക്കോ വേണ്ടി അത്തരം ടേം ഡിപ്പോസിറ്റുകളിൽ ബാങ്ക് ലിയൻ രേഖപ്പെടുത്തുന്നതാണ്. സെക്യൂരിറ്റിയായി നൽകിയിട്ടുള്ള ഫിക്സഡ് ഡിപ്പോസിറ്റുകൾ ഏതെങ്കിലും കാരണവശാൽ ക്ലോസ് ചെയ്യേണ്ടതുണ്ടെങ്കിൽ, പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് എന്നീ രണ്ട് കാർഡുകളിലെയും കുടിശ്ശിക തുകകൾ പൂർണ്ണമായും അടച്ചതിനുശേഷം ആ കാർഡുകൾ ക്ലോസ് ചെയ്താൽ മാത്രമേ അത്തരം ക്ലോസിംഗ് അനുവദിക്കുകയുള്ളൂ. കാർഡ് ഉടമയെ മുൻകൂട്ടി അറിയിക്കാതെ തന്നെ, പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവയ്ക്ക് കീഴിലുള്ള ഏതെങ്കിലും കുടിശ്ശിക ബാധ്യതകൾക്കെതിരെ ടേം ഡിപ്പോസിറ്റുകളിൽ നിന്നുള്ള തുക പൂർണ്ണമായോ ഭാഗികമായോ ക്രമീകരിക്കാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും. പ്രൈമറി ക്രെഡിറ്റ് കാർഡിന് ബാധകമായ കാർഡുകൾ സുരക്ഷിതമാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിനും ഒരുപോലെ ബാധകമായിരിക്കും.

11. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിച്ചു കഴിഞ്ഞാൽ, കാർഡ് ഉടമയ്ക്ക് ഓവർലിമിറ്റ് സൗകര്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിക്കുന്ന മുറയ്ക്ക്, പ്രൈമറി ക്രെഡിറ്റ് കാർഡ് പ്രകാരം ബാങ്ക് അനുവദിച്ചിട്ടുള്ളതോ അല്ലെങ്കിൽ അനുവദിക്കാൻ സമ്മതിച്ചിട്ടുള്ളതോ ആയ ഓവർലിമിറ്റ് സൗകര്യം, കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള എല്ലാ കാർഡ് അക്കൗണ്ടുകൾ അതായത് പ്രൈമറി ക്രെഡിറ്റ് കാർഡ്/ആഡ്-ഓൺ കാർഡ് എന്നിവയ്ക്കും ബാധകമാകുന്ന വിധത്തിൽ മുൻകൂട്ടി അറിയിപ്പൊന്നും കൂടാതെ തന്നെ റദ്ദാക്കുന്നതാണ്. (*ഓവർലിമിറ്റ് സൗകര്യം എന്നാൽ പ്രൈമറി ക്രെഡിറ്റ് കാർഡ് പ്രകാരമുള്ള യഥാർത്ഥ ക്രെഡിറ്റ് ലിമിറ്റിന്റെ നിശ്ചിത ശതമാനം വരെ ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കാർഡ് ഉടമയ്ക്ക് ബാങ്ക് അനുവദിക്കുന്ന താൽക്കാലിക ഓവർഡ്രാഫ്റ്റ് അല്ലെങ്കിൽ പരിധിയിൽ കൂടുതൽ തുക ഉപയോഗിക്കാനുള്ള സൗകര്യം എന്നാണ് അർത്ഥമാക്കുന്നത്*).

12. പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവയ്ക്കായി ഒരേ തീയതികളിൽ വെവ്വേറെ ബില്ലിംഗ് സ്റ്റേറ്റ്മെന്റുകൾ നൽകുന്നതാണ്. ഓരോ കാർഡിനും

ബാധകമായ മിനിമം എമൗണ്ട് ഡ്യൂ (എംഎഡി), ടോട്ടൽ എമൗണ്ട് ഡ്യൂ (ടിഎഡി), പേയ്മെന്റ് നടത്തേണ്ട അവസാന തീയതി തുടങ്ങിയ വിവരങ്ങൾ ഇതിൽ അറിയിക്കുന്നതാണ്. പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവയ്ക്ക് ബാധകമായ ബില്ലിംഗ് സൈക്കിൾ / കാലയളവ് ഒന്നായിരിക്കും. ഏതെങ്കിലും കാർഡിന്റെ, അതായത് പ്രൈമറി ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിന്റെ ബില്ലിംഗ് സൈക്കിൾ/ കാലയളവിൽ വരുത്തുന്ന മാറ്റങ്ങൾ മറ്റേതിനും ഒരുപോലെ ബാധകമായിരിക്കും.

13. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നടത്തുന്ന എല്ലാ ഇടപാടുകൾക്കും, ഇടപാട് സംബന്ധിച്ച അറിയിപ്പും ഒടിപിയും കാർഡ് ഉടമയുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കോ ഇ-മെയിൽ വിലാസത്തിലേക്കോ അയയ്ക്കുന്നതാണ്.

14. ഓരോ ബില്ലിംഗ് സ്റ്റേറ്റ്മെന്റിനും എതിരെ കാർഡ് ഉടമ അടയ്ക്കുന്ന തുകകൾ ബാധകമായ രീതിയിൽ അതത് ക്രെഡിറ്റ് കാർഡ് (പ്രൈമറി ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്) അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണ്. ഏതെങ്കിലും ക്രെഡിറ്റ് കാർഡുകൾ (ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ പ്രൈമറി ക്രെഡിറ്റ് കാർഡ്) സംബന്ധിച്ച് തെറ്റായതോ അധികമായതോ ആയ പേയ്മെന്റുകൾ നടത്തിയാൽ, ഒരു സാഹചര്യത്തിലും ഓരോ കാർഡിലേക്കും നടത്തിയ പേയ്മെന്റുകൾ തിരിച്ചെടുക്കാനോ വീണ്ടും മാറ്റാനോ കാർഡ് ഉടമ-ന് അവകാശമുണ്ടായിരിക്കുന്നതല്ല. കാർഡ് ഉടമ നടത്തുന്ന അത്തരം തെറ്റായതോ അധികമായതോ ആയ പേയ്മെന്റുകൾ മൂലമോ അതത് ക്രെഡിറ്റ് കാർഡുകൾ-ലേക്കുള്ള ക്രമീകരണങ്ങൾ മൂലമോ കാർഡ് ഉടമ-ന് ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്ക് ഫെഡറൽ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

15. ഓരോ ക്രെഡിറ്റ് കാർഡ്(കൾ) (ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ പ്രൈമറി ക്രെഡിറ്റ് കാർഡ്) പ്രകാരവുമുള്ള കുടിശ്ശിക തുകകൾ വെവ്വേറെ തിരിച്ചടയ്ക്കാതിരിക്കുന്നത്, അതത് ക്രെഡിറ്റ് കാർഡ് വേരിയന്റുകളുടെ ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും (എംഐടിസി) അനുസൃതമായി അതത് കാർഡ് അക്കൗണ്ടുകൾ-ൽ ബാധകമായ ചാർജുകൾ ഡെബിറ്റ് ചെയ്യുന്നതിന് കാരണമാകും. ഒരു കാർഡിൽ ക്രെഡിറ്റ് ചെയ്തതോ ലഭ്യമായതോ ആയ അധിക തുകയുടെ ആനുകൂല്യം മറ്റൊരു കാർഡിലെ ബാധകമായ ചാർജുകൾ ഒഴിവാക്കുന്നതിനായി ക്ലെയിം ചെയ്യാൻ കാർഡ് ഉടമയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

16. (i) ക്രെഡിറ്റ് കാർഡുകൾ-ൽ ഏതെങ്കിലും ഒന്നിന്റെ ബില്ലിംഗ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിരിക്കുന്ന തീയതിയിലോ അതിന് മുമ്പോ മിനിമം എമൗണ്ട് ഡ്യൂ അടയ്ക്കുന്നതിൽ കാർഡ് ഉടമ പരാജയപ്പെട്ടാൽ, അത് ക്രെഡിറ്റ് കാർഡുകൾ i-ന്റെയും (അതായത്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്, പ്രൈമറി ക്രെഡിറ്റ് കാർഡ് എന്നിവയുടെ) കാര്യത്തിലുള്ള വീഴ്ചയായി കണക്കാക്കും.

(ii) ഏതെങ്കിലും ക്രെഡിറ്റ് കാർഡുകൾ-മായി ബന്ധപ്പെട്ട കുടിശ്ശിക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, ആ വീഴ്ചയെക്കുറിച്ചുള്ള വിവരങ്ങൾ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്കോ (സിഐസി) അല്ലെങ്കിൽ നിയമം അംഗീകരിച്ചിട്ടുള്ള മറ്റ് ഏജൻസികൾക്കോ റിപ്പോർട്ട് ചെയ്യാൻ ബാങ്കിന് അവകാശമുണ്ടായിരിക്കും. എന്നിരുന്നാലും, വീഴ്ച റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ്, ബാങ്ക് കുറഞ്ഞത് ഏഴ് ദിവസം മുമ്പെങ്കിലും കാർഡ് ഉടമയെ അത് സംബന്ധിച്ച് അറിയിക്കുന്നതാണ്.

(iii) സിഐസികൾക്ക് കുടിശ്ശിക റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട്, താഴെ പറയുന്ന നിബന്ധനകൾ ബാധകമായിരിക്കും:

(a) റിപ്പോർട്ട് ചെയ്യുന്ന ഡേയ്സ് പാസ്റ്റ് ഡ്യൂ (ഡിപിഡി), പ്രൈമറി കാർഡ് അക്കൗണ്ട്, ഫെഡറൽ വേവ് കാർഡ് അക്കൗണ്ട് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും ഉയർന്ന ഡേയ്സ് പാസ്റ്റ് ഡ്യൂ ആയിരിക്കും. *(ഇവിടെ പരാമർശിച്ചിരിക്കുന്ന "ഡേയ്സ് പാസ്റ്റ് ഡ്യൂ" എന്നത് ബില്ലിംഗ് സ്റ്റേറ്റ്മെന്റുകളിൽ സൂചിപ്പിച്ചിരിക്കുന്ന പേയ്മെന്റ് ഡ്യൂ ഡേറ്റ് മുതൽ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് കുടിശ്ശികയായി തുടരുന്ന ദിവസങ്ങളുടെ എണ്ണത്തെയാണ് സൂചിപ്പിക്കുന്നത്, അതായത് കുറഞ്ഞത് മിനിമം എമൗണ്ട് ഡ്യൂ എങ്കിലും ലഭിക്കാത്ത സാഹചര്യം).*

(b) സിഐസി-ക്ക് റിപ്പോർട്ട് ചെയ്യേണ്ട കുടിശ്ശിക തുക (ഇതിൽ ബാങ്കിലേക്ക് കാർഡ് ഉടമ കാലാകാലങ്ങളിൽ ക്രെഡിറ്റ് കാർഡ് അക്കൗണ്ട്/കൾ പ്രകാരം നൽകേണ്ട മുതലും പലിശയും ചാർജുകളും ഫീസുകളും മറ്റ് തുകകളും ഉൾപ്പെടുന്നു), ഒരു പ്രത്യേക ബില്ലിംഗ് സൈക്കിൾ/കാലയളവിൽ പ്രൈമറി കാർഡ് അക്കൗണ്ടിനും ഫെഡറൽ Wave കാർഡ് അക്കൗണ്ടിനും കീഴിലുള്ള ആകെ കുടിശ്ശിക തുകയുടെ മൊത്തം തുകയായിരിക്കും.

(iv) ബാങ്ക് വീഴ്ച വരുത്തിയ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളുടെ വിവരങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ സി.ഐ.സി.കൾക്ക് റിപ്പോർട്ട് ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകളുടെ തിരിച്ചടവ് നിലയും പ്രതിമാസ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുന്നതാണ്. അതിനാൽ, മുൻ മാസത്തിൽ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിപ്പോർട്ട് ചെയ്തതിന് ശേഷം കാർഡ് ഉടമകൾ നടത്തുന്ന കുടിശ്ശിക തീർപ്പാക്കലുകൾ അടുത്ത മാസത്തെ നിശ്ചിത തീയതിയിൽ മാത്രമേ റിപ്പോർട്ട് ചെയ്യുകയുള്ളൂ. കൂടാതെ, ഏതെങ്കിലും ഇടപാടുകളിൽ തർക്കങ്ങൾ ഉന്നയിക്കപ്പെട്ടാൽ, അത്തരം തർക്കങ്ങൾ പരിഹരിച്ചതിന് ശേഷം മാത്രമേ വീഴ്ചകളെ സംബന്ധിച്ച

റിപ്പോർട്ടുകൾ നൽകുകയുള്ളൂ. ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ സമർപ്പിച്ച വിവരങ്ങൾ മുപ്പത് ദിവസത്തിനുള്ളിൽ അവരുടെ സെർവറുകളിൽ അപ്‌ലോഡ് ചെയ്യും. ഈ കാരണങ്ങളാൽ, കുടിശ്ശിക തീർപ്പാക്കിയ ശേഷം സി.ഐ.സി. ഡിഫോൾട്ട് റിപ്പോർട്ടുകളിൽ നിന്ന് കാർഡ് ഉടമയുടെ വിവരങ്ങൾ നീക്കം ചെയ്യുന്നതിന് മുകളിൽ സൂചിപ്പിച്ച സമയതാമസം ഉണ്ടായേക്കാം.

17. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്-മായി ബന്ധപ്പെട്ട കുടിശ്ശിക തുകകൾ തിരിച്ചടയ്ക്കുന്നതിലെ ഏതെങ്കിലും വീഴ്ചയും, എംഐടിസി -യിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം കാർഡ് അക്കൗണ്ട്-നെ സ്പെഷ്യൽ മെൻഷൻഡ് അക്കൗണ്ടുകൾ (എസ്എംഎ) അല്ലെങ്കിൽ നിഷ്ക്രിയ ആസ്തി (എൻപിഎ) ആയി തരംതിരിക്കുന്നതും, മുൻകൂട്ടി അറിയിക്കാതെ തന്നെ പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവ ബ്ലോക്ക് ചെയ്യുന്നതിന് കാരണമാകും, തിരിച്ചും ഇത് ബാധകമാണ്. എല്ലാ കാർഡ് അക്കൗണ്ടുകളിലെയും മുഴുവൻ കുടിശ്ശികയും തീർപ്പാക്കുന്നത് വരെ, ക്രെഡിറ്റ് കാർഡുകൾ (പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവ) സ്റ്റാൻഡേർഡ് അസറ്റുകളായി ഉയർത്തപ്പെടില്ല കൂടാതെ കാർഡ് ഉടമയ്ക്ക് ക്രെഡിറ്റ് കാർഡുകൾ (പ്രൈമറി ക്രെഡിറ്റ് കാർഡ്, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് എന്നിവ) ഉപയോഗിക്കാൻ അനുവാദമുണ്ടായിരിക്കുന്നതുമല്ല.

18. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിനും പ്രൈമറി ക്രെഡിറ്റ് കാർഡിനും വെവ്വേറെ റിവാർഡ് പോയിന്റുകൾ/മറ്റ് ആനുകൂല്യങ്ങൾ ഉണ്ടായിരിക്കും. പ്രൈമറി ക്രെഡിറ്റ് കാർഡിനും ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിനും ഇടയിൽ റിവാർഡ് പോയിന്റുകളോ ആനുകൂല്യങ്ങളോ പരസ്പരം മാറ്റുന്നത് അനുവദനീയമല്ല.

19. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് കാർഡ് ഉടമയ്ക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു:

- കാർഡ് ഇഷ്യൂ ചെയ്ത് ആദ്യ 30 ദിവസത്തിനുള്ളിൽ നടത്തുന്ന കുറഞ്ഞത് ആദ്യ 5 യുപിഐ ഇടപാടുകൾക്ക് 200/- രൂപ വരെ 10% ക്യാഷ്ബാക്ക് ലഭിക്കുന്നതാണ് (ശ്രദ്ധിക്കുക: റിവേഴ്സൽ ഇടപാടുകൾ ക്യാഷ്ബാക്കിന് അർഹമായ ഇടപാടുകളായി പരിഗണിക്കില്ല).
- കാർഡ് ഇഷ്യൂ ചെയ്ത് ആദ്യ പാദത്തിൽ 50,000 രൂപ ചെലവഴിക്കുമ്പോൾ 1000 റിവാർഡ് പോയിന്റുകൾ ലഭിക്കും.
- ഓരോ 200 രൂപയുടെ ചെലവിനും ഒരു റിവാർഡ് പോയിന്റ് ലഭിക്കും. എംഐടിസി-യിൽ സൂചിപ്പിച്ചിരിക്കുന്ന നിയന്ത്രിത വിഭാഗങ്ങൾക്ക് റിവാർഡ് പോയിന്റുകൾ ബാധകമല്ല.

റിവാർഡ് റിഡംപ്ഷൻ മാനദണ്ഡങ്ങളും നിയന്ത്രിത വിഭാഗങ്ങളും എംഐടിസി-യിൽ നൽകിയിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിരിക്കും.

20. കാർഡ് ഉടമയ്ക്ക് ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിച്ചു കഴിഞ്ഞാൽ യുപിഐ സൗകര്യവും ഇകോം കാർഡ് നിയന്ത്രണങ്ങളും സ്വയമേവ സജീവമാകുന്നതാണ്.

21. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് പ്രകാരമുള്ള കുടിശ്ശിക തിരിച്ചടയ്ക്കുന്ന രീതി (ഓട്ടോ-ഡെബിറ്റ് ലിങ്ക് ചെയ്തിട്ടുള്ള നിശ്ചിത അക്കൗണ്ട്, ഓട്ടോ-ഡെബിറ്റ് ചെയ്യേണ്ട തുക ആകെ അടയ്ക്കേണ്ട തുകയാണോ അതോ മിനിമം എമൗണ്ട് ഡ്യൂ ആണോ എന്നത് ഉൾപ്പെടെ), പ്രൈമറി കാർഡിന് ബാധകമായ നിബന്ധനകൾക്ക് സമാനമായിരിക്കുമെന്ന് കാർഡ് ഉടമ സമ്മതിക്കുന്നു. തിരിച്ചടവ് രീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ കാർഡ് ഉടമ ആഗ്രഹിക്കുന്നുവെങ്കിൽ, കാർഡ് ഉടമ, ഫെഡറൽ ബാങ്ക് കോൺടാക്റ്റ് സെന്ററിൽ (ഇ-മെയിൽ: [creditcards@federal.bank.in](mailto:creditcards@federal.bank.in) / ടോൾ ഫ്രീ 1800 420 1199) പ്രത്യേക അഭ്യർത്ഥന സമർപ്പിക്കേണ്ടതാണ്, ഇത് ഫെഡറൽ ബാങ്കിന്റെ പൂർണ്ണമായ വിവേചനാധികാരത്തിൽ അനുവദിക്കാവുന്നതാണ്. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിച്ചതിന് ശേഷം പ്രൈമറി കാർഡിന്റെ തിരിച്ചടവ് രീതിയിൽ വരുത്തുന്ന മാറ്റങ്ങളൊന്നും ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിൽ ബാധകമാവുകയോ പ്രതിഫലിക്കുകയോ ചെയ്യില്ല. അതുപോലെ തന്നെ, വേവ് ക്രെഡിറ്റ് കാർഡ് തിരിച്ചടവ് നിബന്ധനകളിൽ പിന്നീട് വരുത്തുന്ന മാറ്റങ്ങളൊന്നും പ്രൈമറി കാർഡിന് ബാധകമായിരിക്കില്ല.

22. യാതൊരു കാരണവും വ്യക്തമാക്കാതെ തന്നെ വേവ് ക്രെഡിറ്റ് കാർഡിന്റെ സവിശേഷതകളിലോ/ആനുകൂല്യങ്ങളിലോ മാറ്റം വരുത്താനുള്ള അധികാരം ഫെഡറൽ ബാങ്കിൽ നിക്ഷിപ്തമാണ്.

23. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിക്കുന്നതിന്, പ്രൈമറി ക്രെഡിറ്റ് കാർഡ്-മായി ബന്ധിപ്പിച്ചിട്ടുള്ള കാർഡ് ഉടമയുടെ അക്കൗണ്ട്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ ബാങ്ക് മാനദണ്ഡങ്ങൾ പ്രകാരം കൃത്യമായ നിലയിലായിരിക്കേണ്ടത് നിർബന്ധമാണ്.

24. യാതൊരു കാരണവും വ്യക്തമാക്കാതെ തന്നെ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡിനായുള്ള അപേക്ഷ നിരസിക്കാനുള്ള അധികാരം ഫെഡറൽ ബാങ്കിൽ നിക്ഷിപ്തമാണ്.

25. മുൻകൂട്ടി അറിയിക്കാതെയും യാതൊരു കാരണവും വ്യക്തമാക്കാതെയും കാർഡ് ഉടമയ്ക്ക് നൽകിയിട്ടുള്ള ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് നിർജ്ജീവമാക്കാനോ ബ്ലോക്ക് ചെയ്യാനോ ഉള്ള അവകാശം ഫെഡറൽ ബാങ്കിൽ നിക്ഷിപ്തമാണ്.

26. കാർഡ് ഉടമ പ്രൈമറി ക്രെഡിറ്റ് കാർഡ് റദ്ദാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അദ്ദേഹം/അവർ ആദ്യം ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് റദ്ദാക്കേണ്ടതുണ്ട്. ഇതിൽ എന്ത് തന്നെ പറഞ്ഞിരുന്നാലും, ഏതെങ്കിലും കാരണവശാൽ ബന്ധപ്പെട്ട പ്രൈമറി ക്രെഡിറ്റ് കാർഡ് അസാധുവാക്കപ്പെട്ടാൽ, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് സ്വയമേവ അസാധുവാകുന്നതാണ്.

27. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്-മായി ബന്ധപ്പെട്ട മൂല്യവർദ്ധിത സേവനങ്ങൾ (ഇടപാട് തുകകൾക്കായുള്ള ഇഎംഐ സൗകര്യം ഉൾപ്പെടെയുള്ളവ, എന്നാൽ അതിൽ മാത്രം പരിമിതമല്ല) പ്രൈമറി ക്രെഡിറ്റ് കാർഡിൽ നിന്നുള്ളവയിൽ നിന്നും വ്യത്യസ്തമായിരിക്കും.

28. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും ഏതു സമയത്തും മാറ്റങ്ങൾ വരുത്താനോ, അവ ഭാഗികമായോ പൂർണ്ണമായോ ഭേദഗതി ചെയ്യാനോ അല്ലെങ്കിൽ പുതിയവ പകരം വെക്കാനോ ഉള്ള അധികാരം ഫെഡറൽ ബാങ്കിൽ നിക്ഷിപ്തമാണ്. നിബന്ധനകളിലും വ്യവസ്ഥകളിലും വരുത്തുന്ന ഏതൊരു മാറ്റവും, പരിഷ്കരിച്ച നിബന്ധനകൾ പ്രാബല്യത്തിൽ വരുന്നതിന് കുറഞ്ഞത് ഒരു മാസം മുമ്പെങ്കിലും എസ്എംഎസ് അല്ലെങ്കിൽ ഇമെയിൽ വഴി നിങ്ങളെ അറിയിക്കുന്നതാണ്.

29. ബാങ്ക് നിരക്കുകളിൽ വരുത്തുന്ന മാറ്റങ്ങൾ നിങ്ങൾക്ക് അനുകൂലമാണെങ്കിൽ, അത്തരം മാറ്റം വന്ന് 30 ദിവസത്തിനുള്ളിൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്. എന്നാൽ, മാറ്റങ്ങൾ നിങ്ങൾക്ക് ദോഷകരമാണെങ്കിൽ, കുറഞ്ഞത് 30 ദിവസം മുമ്പ് മുൻകൂർ അറിയിപ്പ് നൽകുന്നതാണ്. അത്തരം അറിയിപ്പ് ലഭിച്ച് 60 ദിവസത്തിനുള്ളിൽ പുതുക്കിയ നിരക്കോ പലിശയോ നൽകാതെ തന്നെ കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യാനോ അല്ലെങ്കിൽ മറ്റ് യോഗ്യമായ ലോൺ ഉൽപ്പന്നങ്ങളിലേക്ക് മാറാനോ ഉള്ള ഓപ്ഷനുകൾ നിങ്ങൾക്ക് നൽകും. വിവിധ പർച്ചേസുകൾക്കോ മറ്റ് ഇടപാടുകൾക്കോ ഫെഡറൽ ബാങ്ക് വാഗ്ദാനം ചെയ്യുന്നതും കാർഡ് ഉടമയ്ക്ക് അർഹതപ്പെട്ടതുമായ ഏതൊരു ക്യാഷ്ബാക്കും, പ്രത്യേക കാരണങ്ങളാൽ ഫെഡറൽ ബാങ്ക് തടഞ്ഞുവെച്ചിട്ടില്ലെങ്കിൽ, ഇടപാട് നടന്ന് 60 ദിവസത്തിനുള്ളിൽ കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. വ്യാപാരികൾ വാഗ്ദാനം ചെയ്യുന്ന ക്യാഷ്ബാക്കുകൾ, വ്യാപാരിയിൽ നിന്ന് അത്തരം തുകകൾ ലഭിച്ചാൽ മാത്രമേ കാർഡ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയുള്ളൂ.

30. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് പ്രകാരം നൽകിയിട്ടുള്ള ഏതൊരു ഓഫറും പരിഷ്കരിക്കാനോ മാറ്റം വരുത്താനോ പിൻവലിക്കാനോ അല്ലെങ്കിൽ നിലവിലുള്ള ഓഫറിന് സമാനമായതോ അല്ലാത്തതോ ആയ മറ്റൊരു ഓഫർ പകരം നൽകാനോ ഉള്ള അവകാശം ഫെഡറൽ ബാങ്കിൽ നിക്ഷിപ്തമാണ്. ഓഫറിലെ ഇത്തരം പരിഷ്കരണം/മാറ്റം/പിൻവലിക്കൽ എന്നിവ കാരണം കാർഡ് ഉടമയ്ക്ക് നേരിടേണ്ടി വന്നേക്കാവുന്ന ഏതെങ്കിലും നടപടികൾ, ക്ലെയിമുകൾ, ആവശ്യങ്ങൾ, നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, ചിലവുകൾ, ചാർജുകൾ എന്നിവയ്ക്ക് ഫെഡറൽ ബാങ്ക് ഉത്തരവാദിയായിരിക്കില്ല.

31. ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് അനുവദിക്കുന്നതും നിലനിർത്തുന്നതും പ്രൈമറി ക്രെഡിറ്റ് കാർഡിനായി അംഗീകരിച്ചിട്ടുള്ള ടി ആൻഡ് സികൾ, എംഐടിസി, കെഎഫ്എസ് എന്നിവയ്ക്ക് വിധേയമായിരിക്കും. മുകളിൽ സൂചിപ്പിച്ച ഏതെങ്കിലും രേഖകളിലെ നിബന്ധനകളും വ്യവസ്ഥകളും ഇതിലെ നിബന്ധനകളും വ്യവസ്ഥകളും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ്

സംബന്ധിച്ച കാര്യങ്ങളിൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായിരിക്കും മുൻഗണന.

ഈ ഓഫറുമായി ബന്ധപ്പെട്ടോ അതിന്റെ ഫലമായോ ഉണ്ടാകുന്ന തർക്കങ്ങൾ, അല്ലെങ്കിൽ ഫെഡറൽ വേവ് ക്രെഡിറ്റ് കാർഡ് സംബന്ധിച്ച മറ്റേതെങ്കിലും തർക്കങ്ങൾ എന്നിവ എറണാകുളത്തെ ബന്ധപ്പെട്ട കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ മാത്രം അധികാരപരിധിയിലായിരിക്കും.